KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 34 / Issue: 1 January 2023 ₹:10/-



# CLEMIS SCHOOL
## CHINGAVANAM

(Affiliated to CBSE, New Delhi. Affiliation No. 930142) Phone: 0481-2430108, 9400252190



# ADMISSIONS OPEN
## 2023-2024
## PLAY SCHOOL LKG to IX & XI

- A long tradition of academic excellence and leadership
- Personal and intensive care on slow learners
- Loving and friendly atmosphere
- School buses through all major local routes
- Choice of extra curricular activities
- Committed teachers
- Senior Secondary streams



Science-
Physics, Chemistry,
Biology, Mathematics,
Malayalam, Computer Sc.

Commerce-
Business studies,
Accountancy,
Economics, Mathematics,
Computer Sc., Malayalam.



Email: clemisschool@yahoo.com Website: www.clemisschool.com

For Admission and other queries please contact School office

Advt - O

# ക്നാനായ ദീപം

SINCE 1989

2023 ജനുവരി പുസ്തകം 34 ലക്കം 1

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ക്രിസ്തു വസിക്കുന്ന ഇടം 08
അമ്മാൾ രാജൻ പുളിമൂട്ടിൽ

വർത്തമാനകാലത്തിലെ ദുരന്തം 09
ജോയി കുഴികണ്ടത്തിൽ

2023-ൽ ജ്ഞാനം നയിക്കട്ടെ 19
സുനിൽ ഡി. കുരുവിള

ഏകാന്തതയുടെ അപാരത 21
ഡോ. ഐബി ജോസ് കിഴക്കേടത്ത്

പോട്ടെ... സാരമില്ല... 23
പ്രൊഫ. ഡോ. അന്നമ്മ ജോസഫ് മള്ളൂശ്ശേരിൽ

ഭൂമിയിലെ സ്വർഗ്ഗവും നരകവും 24
റ്റി. സി. തോമസ് തോപ്പിൽ

കോലം മാറിയ ലോകം 26
റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ

ഏവൻഗേലിയോൻ ദീപം 27
റവ. ഫാ. സീതൾ എബ്രഹാം മണിമലേത്ത്

പരിശുദ്ധാത്മാവിനെ എന്തിന് 29
ജയ്നമ്മ മർക്കോസ നടുവിലേപ്പറമ്പിൽ

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

42 മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

44 പാതിനോമ്പ്
ലീലാമ്മ ഏബ്രഹാം പാലക്കുടി

46 കാല്പ്പാടുകൾ
എബി

47 മാട്രിമോണിയൽ



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയരെ,

കോവിഡ് 19– നു ശേഷമുള്ള സംഭവ ബഹുലവും പല തുകൊണ്ടും സുപ്രധാനവുമായിരുന്ന 2022 എന്ന വർഷം നമ്മുടെ അനുഭവ രംഗത്തുനിന്നും തിരോധാനം ചെയ്തു. 2023 എന്ന പുതുവർഷത്തിലേക്ക് പ്രവേശിച്ചിട്ട് ദിവസങ്ങൾ കഴിയുന്നു. കഴിഞ്ഞ വർഷത്തിൽ നാം നഷ്ടമാക്കി കളഞ്ഞ വയെക്കുറിച്ചുള്ള സ്മരണ നമ്മെ കുറ്റബോധത്തിലേക്ക് ആന യിച്ചെന്നിരിക്കാം. അല്ലെങ്കിൽ കഴിഞ്ഞ വർഷത്തിൽ നേടി യെടുത്ത നേട്ടങ്ങളെക്കുറിച്ചുള്ള വിജയാഹ്ലാദത്തിൽ നാം മതിമറന്നു എന്നുവരാം. ഇതു രണ്ടും നല്ലതല്ല. നാം പ്രവേ ശിച്ചിരിക്കുന്ന പുതുവർഷത്തെ സന്തോഷ സമേതം സ്വീക രിക്കുവാനും ഈ വർഷത്തിൽ നമുക്ക് ലഭിക്കുന്ന സന്ദർഭ ങ്ങൾ ഏറ്റവും ഉത്തമമായി പ്രയോജനപ്പെടുത്താനും സന്ന ദ്ധമാകുക എന്നതാണ് നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും കരണീയമായത്. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമ വിളിയുടെ വിരുതിനായി ലാക്കിലേക്ക് നമുക്ക് ഓടാം.

മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ മനു ഷ്യർക്കാവശ്യമായ വിഭവങ്ങൾ എന്നിവ വർദ്ധിപ്പിക്കുക എന്ന സാധാരണ അർത്ഥതലങ്ങളിൽ നിന്നുമാറി ഒരു പുതിയ ജീവിത ശൈലിയിൽ എത്തിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ച് സഹ താപം തോന്നണം. നഷ്ടപ്പെടുന്നവരെ തേടി പുറപ്പെടുവാൻ സഭയ്ക്ക് ചുമതലയുണ്ട്. തെറ്റായ വഴിയിൽനിന്നും സത്യ മാർഗ്ഗത്തിലേക്കുള്ള വഴി ചൂണ്ടിക്കാണിച്ചുകൊടുക്കുവാനുള്ള കേന്ദ്രങ്ങളായിരിക്കണം പള്ളികൾ. ഇടവകയിലേക്ക് ശക്തി യായ ദൈവസ്നേഹത്തിന്റെ വൈദ്യുതപ്രവാഹം അയച്ചു കൊടുക്കുന്ന ബാറ്ററികളായിരിക്കണം പള്ളികൾ. മുത ലെടുപ്പും, നടവരവും, സ്വത്തുക്കളും ആണ് പള്ളിയുടെ നേട്ട ങ്ങൾ എന്നുള്ള ധാരണ മാറ്റണം. ദൈവത്തിന്റെ നീതിയുടെ മുമ്പാകെ ഇവയ്ക്കെല്ലാം എന്തു സമാധാനം കൊടുക്കും.

നമ്മുടെ പല ആളുകളിലും സഭാജീവിത ചർച്ചകൾ ക്രമേണ കുറഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധാർഹമായ കാര്യ മായിത്തീരണം. വിശുദ്ധ കുർബ്ബാനയിൽ സംസർഗ്ഗം ഒരു ഡിസിപ്ളിനു മാത്രം വേണ്ടിയുള്ളതല്ല. അതുകൂടാതെ ക്രിസ്തീയജീവിതം അസാദ്ധ്യമാണെന്നു കാതോലിക സഭ കൾ പഠിപ്പിക്കുന്നു. ക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരാളിന് വി. കുർബ്ബാന കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. അത് സിനിമയോ പ്രഹസനമോ അല്ല സ്വർഗ്ഗീയ വിരുന്നാണ്. എത്ര ആരോഗ്യമുള്ളവനും പിന്നെയും തക്ക സമയത്ത് ആഹാരം വേണ്ടിയിരിക്കുന്നതു പോലെ എത്ര ഭക്തനും, പരി ശുദ്ധനും ആരാധനാ ജീവിതത്തിൽ തുടരേണ്ടത് അത്യാവശ്യ മായ സംഗതിയാണ്. ഇന്നു നമ്മുടെ സഭാംഗങ്ങളിൽ പലരു ടെയും ഭവനങ്ങളിൽ പ്രാർത്ഥനയില്ല. വി. കുർബ്ബാനയിൽ അനേകം സംബന്ധിക്കുന്നില്ല. സംബന്ധിക്കുന്നവർ തന്നെ വേണ്ടവിധം ഒരുങ്ങിവരുകയോ, അപേക്ഷകൾ ചൊല്ലി കൊണ്ട് സംബന്ധിക്കുകയോ ചെയ്യുന്നില്ല. ഇതും പരിഹരി ക്കപ്പെടേണ്ട ഒരു കാര്യമാണ്. ഇതുകൊണ്ട് സംഭവിക്കുന്നത് നമ്മുടെ സഭ ശോഷിച്ചു പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ള താണ്. ഒരു കൗമായും വിശ്വാസ പ്രമാണവും പോലും ശരിക്കും അറിയാൻ പാടില്ലാത്തവർ ധാരാളമുണ്ട്. പത്തു കല്പനകൾ ഏവയെന്നു തിട്ടമില്ലാത്തവർ ധാരാളമുണ്ട്. എന്തൊരു ഭയങ്കരം, പട്ടക്കാരൻ പ്രാർത്ഥന ആരംഭിച്ചു കഴി ഞ്ഞാൽ അതു തുടർന്നു ചൊല്ലുവാൻ പുറകിൽ നിൽക്കുന്ന വർക്ക് അറിയാൻ പാടില്ല. സഭയ്ക്കുള്ളിലെ ഈ വൈരൂപ്യ ങ്ങളും വിരോധാഭാസങ്ങളും പരിഹരിക്കുവാൻ കാലം വൈകിയിരിക്കുന്നു. അതുകൊണ്ട് സഭാനേതാക്കന്മാർ തങ്ങ ളുടെ സ്ഥാനങ്ങൾ ഉറപ്പിക്കുവാൻ ശ്രമിക്കുന്നതിനു പകരം ഭരണപരമായും ഉപദേശസംബന്ധമായും ആരാധനാപര മായും നമ്മുടെ സഭയിൽ കാര്യമായ യത്നങ്ങൾ ഉടനടി നട ത്തിയില്ലെങ്കിൽ തകർന്നു തരിപ്പണമായിത്തീരും.

ദൈവം ആത്മാവാകുന്നു എന്നും ദൈവത്തെ ആരാധി ക്കുന്നവർ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്നും യേശുക്രിസ്തു അരുളി ചെയ്തു. സത്യമായ ആരാധന നമ്മുടെ ഹൃദയങ്ങളിൽനിന്ന് ഇടവിടാതെ ഉയരേണ്ടതാണ്. നമ്മുടെ വിവിധ ആവശ്യങ്ങൾ ദൈവസന്നിധിയിൽ അറിയിച്ച് കരുണകൾക്കായും അനുഗ്രഹങ്ങൾക്കായും അപേക്ഷിക്കു ന്നതാണ് പ്രാർത്ഥന. എന്നാൽ ദൈവം ചെയ്തിരിക്കുന്ന പ്രവർത്തികൾക്കായും, നൽകിയിരിക്കുന്ന അനുഗ്രഹ ങ്ങൾക്കായും ദൈവത്തെ വാഴ്ത്തുകയും അവനു നന്ദി പറ യുകയും, അവനിൽ സന്തോഷിക്കുകയും ചെയ്യുന്നതാണ് ആരാധന. സകല സ്തുതികൾക്കും അവൻ യോഗ്യൻ ആണെന്ന് ഏറ്റു പറയുന്നതാണ് ആരാധന. ആരാധനയ്ക്ക് യോഗ്യനായിട്ടുള്ളത് സ്വർഗ്ഗീയ പിതാവ് ആണ്. ആ പിതാ വിനെ മാത്രമേ നമുക്ക് ആരാധിപ്പാൻ അധികാരം ഉള്ളു. ഇന്ന് നാം ഈ ലോകത്തിൽ നോക്കുമ്പോൾ പലവിധമായ ആരാ ധനക്കാരെ കാണാം. ബിംബങ്ങളേയും, പ്രകൃതിയേയും, പ്രകൃതി ജ്വാലകളെയും പ്രഭൂക്കന്മാരേയും മതനേതാക്കന്മാ രേയും വിശുദ്ധന്മാരേയും ആരാധിക്കുന്നവരെ നമുക്ക് കാണാം. പിശാചിനോടുപോലും കർത്താവ് പറയുന്നത് മത്താ. 4:10–ൽ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ.

ആരാധന ഒരു ചടങ്ങല്ല. ആരാധിക്കേണ്ടത് സത്യത്തിൽ മാത്രം ആയിരിക്കണം. സത്യത്തിലുള്ള ആരാധന മാത്രമേ ദൈവം അംഗീകരിക്കയുള്ളു. സത്യാരാധന അല്ലാത്ത ആരാ ധന ദൈവം അറിയുന്നു. അങ്ങനെയുള്ളവരെ ദൈവം നശി പ്പിക്കും. നമ്മുടെ ആരാധന ഭയത്തോടെ ആയിരിക്കണം. അങ്ങനെയുള്ളവർക്ക് ദൈവത്തിൽനിന്ന് അനുഗ്രഹം ലഭി ക്കും. ആരാധിക്കുമ്പോൾ എങ്ങനെ ആരാധിക്കണം എന്നും ആരെ ആരാധിക്കണം എന്നും ഒരു ഉറച്ച തീരുമാനം ഉണ്ടാ യിരിക്കണം. അതിന് ഉദാഹരണം. ഞാനും എന്റെ കുടുംബ വുമോ യഹോവയെ സേവിക്കും. യോശുവ പറയുന്ന കാര്യമാണ്. നമ്മുടെ ജീവിതത്തിലും ഇപ്രകാരമുള്ള തീരു മാനമാണ് ദൈവം ആഗ്രഹിക്കുന്നത്. അങ്ങനെ ജീവിച്ചാൽ നമുക്ക് അനുഗ്രഹം ലഭിക്കും. ദാവിദിനെപോലെ ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്കു ചെന്ന് നിന്റെ വിശുദ്ധ മന്ദിരത്തിനു നേരേ നിങ്കലുള്ള ഭക്തി യോടെ ആരാധിക്കും (സങ്കീ. 57) എന്ന് നമുക്ക് പറയുവാൻ

*(ശേഷം പേജ് 20–ൽ)*

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



2023 എന്ന പുതുവർഷത്തിന്റെ പ്രഥമമാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുക്കയാണല്ലോ. കഴിഞ്ഞ കാലത്ത് അനുഭവിച്ച ദൈവകൃപയ്ക്കും, പരിപാലനത്തിനുമായി ദൈവസന്നിധിയിൽ മഹത്വം കരേറ്റി, പുതുവർഷത്തിലും ദൈവതണലിൽ ആയിരിക്കുവാൻ പ്രാർത്ഥനയോടെ നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കാം. സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നതുപോലെ 'ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ച് അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന' ഒരു സമൂഹമായി നമുക്ക് ആയിത്തീരാൻ ശ്രമിക്കാം.

ജനുവരി 6-ന് ദനഹാ പെരുന്നാൾ നാം ആചരിച്ചു. നമ്മുടെ കർത്താവും രക്ഷിതാവുമായവൻ വി. യോഹന്നാൻ സ്നാപകനിൽ നിന്ന് മാമ്മൂദീസാ സ്വീകരിച്ചതിനെ നാം അനുസ്മരിച്ചു. 'ഉദയത്തിന്റെ' പെരുന്നാളായ ദനഹായിൽ യേശു ദൈവപുത്രനായി ലോകത്തിന് വെളിപ്പെടുന്നു. 'ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന അരുളപ്പാട് ശ്രവിച്ച ജനം യേശുവിനെ രക്ഷകനായി മനസ്സിലാക്കുന്നു. ആ ഉൾക്കാഴ്ച അവരെ യേശുവിങ്കലേക്ക് ആകർഷിക്കുന്നു. അവർ യേശുവിനെ അനുഗമിക്കുന്നു. യേശുവിന്റെ അത്ഭുത പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. നമുക്കും ലോക രക്ഷകനും, വീണ്ടെടുപ്പുകാരനുമായ യേശുതമ്പുരാന്റെ സന്നിധിയിൽ സമർപ്പണത്തോടെ ആയിരിക്കാം. യേശുവിനെ സാക്ഷിക്കുന്ന ഒരു ജനസമൂഹമായി മാറാൻ ശ്രമിക്കാം.

ഈ വർഷത്തെ മൂന്ന് നോമ്പ് ദിനങ്ങൾ ജനുവരി 30, 31 ഫെബ്രുവരി 1 എന്നീ ദിവസങ്ങളിലാണല്ലോ. ദൈവത്തിന്റെ പ്രവാചകനായ യോനായ്ക്കും, ജനത്തിനും വലിയൊരു തിരിച്ചറിവും, രൂപാന്തരവും യാഥാർത്ഥ്യമാകുന്നു. നോമ്പ് ദിനങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, ഉപവാസവും നടത്താറുണ്ട്. ധ്യാനത്തിന്റെ അവസരമായി അതിനെ വേർതിരിക്കുന്നു. ദൈവത്തിന്റെ സ്നേഹവും, കരുതലും അനുഭവിക്കുവാനും, ദൈവത്തിങ്കലേക്ക് തിരിയുവാനും ഈ ദിനങ്ങൾ സഹായകമാകണം. ജീവിതത്തിൽ ഇന്നയോളം നടത്തിയ ദൈവത്തെ സ്തുതിക്കുവാനും, ദൈവസന്നിധിയിൽ രൂപാന്തരത്തിന്റെ അനുഭവത്തിൽ ജീവിക്കുവാനും നമുക്ക് ശ്രമിക്കാം. അങ്ങനെ ഈ വർഷത്തെ മൂന്ന് നോമ്പ് ആചരണം നമ്മെ രൂപാന്തരത്തിലേക്ക് നയിക്കട്ടെ. മൂന്ന് നോമ്പിനെ പിന്നിട്ട് 18 ദിവസങ്ങൾക്ക് ശേഷം പരി.വലിയ നോമ്പിലേക്ക് പരി. സഭ പ്രവേശിക്കുകയാണല്ലോ. നോമ്പിൽ ചില അയവുകൾ വരുത്തിയിട്ടുണ്ടെങ്കിലും, തലമുറകളുടെ അനുഗ്രഹത്തിനായി എല്ലാവരും നോമ്പ് മുഴുവനായി ഏറ്റവും ഭക്തിപുരസ്സരം ആചരിക്കുവാൻ ശ്രദ്ധിക്കണമെ.

കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ ആഭിമുഖ്യത്തിൽ ഭാരതത്തിന്റെ അപ്പസ്തോലൻ വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം തിരുവല്ല വാരിക്കാട് സെഹിയോൻ മാർത്തോമ്മാ പള്ളിയിൽ വച്ച് സാമൂഹിക മതമേലദ്ധ്യക്ഷന്മാരുടെ സാന്നിധ്യത്തിൽ ബലഹീനനായ എനിക്ക് ഉദ്ഘാടനം നിർവഹിക്കുവാൻ ദൈവം സഹായിച്ചു. 'സഭാ ഐക്യം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും സുവിശേഷമൂല്യങ്ങളിൽ നിലകൊണ്ട് സഭ ലോകത്തിന്റെ പ്രകാശമായി മാറണമെന്നും' ഞാൻ നല്കിയ സന്ദേശം സമുദായ അംഗങ്ങളായ എല്ലാവരും സുവിശേഷത്തിൽ അടിയുറച്ച് മറ്റുള്ള ജനതകൾക്ക് പ്രകാശമായി മാറാനുള്ള ആഹ്വാനമായി ശ്രവിക്കേണ്ടതുണ്ട്.

നമ്മുടെ സമുദായത്തിന്റെ തന്നെ അഭിമാനമായ ചിങ്ങവനം ക്ലീമീസ് സ്കൂളിന്റെ 30-ാമത് വാർഷികവും, ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചതിൽ ആദരണീയനായ ഗോവ ഗവർണർ ശ്രീ. ശ്രീധരൻ പിള്ള അവറുകൾ മുഖ്യാതിഥിയായി പങ്കെടുത്തു. അതിൽ സന്തോഷം രേഖപ്പെടുത്തുന്നു. ക്ലീമീസ് സ്കൂൾ കൂടുതൽ ഉയരങ്ങളിലേക്ക് എത്തട്ടെയെന്ന് പ്രാർത്ഥിച്ച് ഈ പ്രോഗ്രാം ഏറ്റവും അനുഗ്രഹമായി സംഘടിപ്പിച്ച സ്കൂൾ മാനേജർ, പ്രിൻസിപ്പൽ, ഗവേണിംഗ് ബോർഡ്, അദ്ധ്യാപക അനദ്ധ്യാപകരോടും കുട്ടികളോടുമുള്ള അനുമോദനം അറിയിക്കുന്നു.

ഈ വർഷത്തെ ക്നാനായ കൺവൻഷൻ ഫെബ്രുവരി 22 മുതൽ 26 വരെ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ നടത്തുവാനുള്ള ക്രമീകരണങ്ങൾ സുവിശേഷ സമാജം നടത്തുകയാണല്ലോ. സുവിശേഷസമാജത്തിന്റെ ആഭിമുഖ്യത്തിൽ ഭവനരഹിതരായവർക്ക് ഭവന നിർമ്മാണം, രോഗികൾക്കും, വിധവമാർക്കുമുള്ള സഹായഹസ്തം നല്കുന്നതുമെല്ലാം നാമെല്ലാവരും നല്കുന്ന സഹായത്തിലൂടെയാണല്ലോ. മുൻ വർഷങ്ങളിലെപ്പോലെ എല്ലാ വിശ്വാസികളും കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും, കൂടുതൽ സഹകരിക്കുകയും ചെയ്യണമെ.

ഈ വർഷം നമ്മുടെ മിക്കവാറും എല്ലാ ദൈവാലയങ്ങളിലും ക്രിസ്തുമസ് കരോൾ സർവ്വീസ് നടത്തുകയുണ്ടായി. യുവജനങ്ങളും, വനിതാസമാജവുമെല്ലാം ഇതിന് നേതൃത്വം നൽകി. അത് നമ്മുടെ ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കാൻ സാധിച്ചു. ഈ ബന്ധങ്ങളെ കൂടുതൽ ഊർജ്ജസ്വലമാക്കി ഇടവകകളുടെ അനുഗ്രഹത്തിലേക്ക് നയിക്കുവാൻ ഇടയാകണം.

ലഹരിക്ക് അടിമയാകുന്നവരുടെ എണ്ണം ഇന്ന് കൂടിക്കൊണ്ടിരിക്കുന്നുവോ എന്നത് സംശയിക്കേണ്ടിയിരിക്കുന്നു. ഇതിന് പരിഹാരം കുടുംബത്തിലെ ബന്ധങ്ങളുടെ ശാക്തീകരണം ആയിരിക്കണം. കുടുംബം സ്നേഹബന്ധത്തിന്റെ അടിസ്ഥാനമായിരിക്കേണ്ടതുണ്ട്. കുടുംബത്തിൽ

*(ശേഷം പേജ് 20-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

2023 ലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ? എല്ലാവർക്കും ഈ പുതുവർഷം സമ്പൽ സമൃദ്ധവും സന്തോഷകരവും നന്മ നിറഞ്ഞതുമായി തീരട്ടെ എന്ന് ആശംസിക്കുന്നു. അതോടൊപ്പം നമ്മുടെ വ്യക്തി ജീവിതത്തിലും സമുദായത്തിലും അഭിവൃദ്ധിയുടെ വർഷമായി തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം.

കഴിഞ്ഞമാസം സമുദായത്തിൽ നടന്ന പ്രധാന കാര്യങ്ങൾ ലഘുവായി ഇവിടെ വിവരിക്കുകയാണ്. മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ആഭിമുഖ്യത്തിൽ സമുദായത്തിലെ പ്രതിഭകളെ ആദരിക്കുന്ന അവാർഡ് ദാന സമ്മേളനം, ചിങ്ങവനം ദയറാപ്പള്ളി ഓഡിറ്റോറിയത്തിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ രംഗത്ത് ക്നാനായ സമുദായത്തിന്റെ സംഭാവന ശ്ലാഘനീയം ആണെന്നും സമുദായത്തിലെ കുട്ടികളുടെ നിലവാരം വലിയ ഉന്നതിയിൽ ആണെന്നും മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസുകുട്ടി മറ്റയ്ക്കാട്ട്, വികാരി ജനറാൾ റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരി, വൈദിക ട്രസ്റ്റി റവ. ഫാ. മോനായി കെ. ഫിലിപ്പ്, ഭദ്രാസന സെക്രട്ടറി റവ. ഫാ. ഏലിയാസ് സ്കറിയ ഇളവൻകുളം, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, വില്ലി വടാമറ്റം, റ്റി. സി. തോമസ് തോപ്പിൽ, സാബു കണ്ണാട്ടിപ്പുഴ, റവ.ഫാ. ജിതിൻ പനവേലി എന്നിവർ ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചു.

ക്നാനായ സമുദായത്തിന്റെ ചിങ്ങവനം ക്ലീമ്മീസ് സ്കൂൾ വാർഷികവും ക്രിസ്തുമസ് ആഘോഷവും ആദരണീയനായ ഗോവ ഗവർണർ ശ്രീ. പി. എസ് ശ്രീധരൻപിള്ള ഉദ്ഘാടനവും ചെയ്തു. ശാസ്ത്രവും അതിനൊപ്പം ആത്മീയതയും വർദ്ധിക്കണം എന്നും ഉയരങ്ങളിൽ എത്തുമ്പോഴും ചവിട്ടിനിന്ന മണ്ണിനെ മറക്കരുതെന്നും ബഹു. ഗവർണ്ണർ ഉദ്ബോധിപ്പിച്ചു.

ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം. എൽ. എ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, സ്കൂൾ മാനേജർ ഫാ. സാജൻ സി. അലക്സ്, ട്രഷറാർ രഞ്ജു ചാക്കോ കോഴിമറ്റം, കൗൺസിലർ ലിസി മണിമല, പ്രിൻസിപ്പാൾ സിജി ജോസ്, വൈസ് പ്രിൻസിപ്പാൾ ലിഡി മേരി ചാക്കോ, വികാരി ജനറാൾ റവ. ഫാ. വി.എ. ഏബ്രഹാം ഇളയശ്ശേരി, ഗവേണിംഗ് ബോർഡ് മെമ്പർമാരായ ജോജി വേഴക്കാട്, ജോബി കാരിക്കോട്ട്, ചാക്കോച്ചൻ കൂർക്കക്കാല, സോണി സോണി മെഡിക്കൽസ്, അനിൽ പാലക്കുടി, വിനോദ് തൈപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു.

ആദരണീയനായ ഗവർണ്ണർ സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരി സമുദായ മെത്രാപ്പോലീത്തായോടും സമുദായ നേതൃത്വത്തോടുമൊപ്പം സന്ദർശിച്ചു ചായ സൽക്കാരത്തിന് ശേഷമാണ് മടങ്ങിയത്.

ഓതറ നസ്രേത്ത് കോളജ് ഓഫ് ഫാർമസിയുടെ ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷ പരിപാടി “ESTELLE 2022 ” 22-12-2022 വ്യാഴാഴ്ച മലങ്കര മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ റവ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്, കോളേജ് മാനേജർ റവ. ഫാ. ജെയിൻ തോമസ് കുളത്തിങ്കൽ, വികാരി ജനറാൾ റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റയ്ക്കാട്ട്, സി. എ. പുന്നൂസ്, ടി. കെ. കുര്യൻ, സാജൻ ഏബ്രഹാം, പി. എ. ഏബ്രഹാം, കോളേജ് പ്രിൻസിപ്പാൾ ഡോ. എൽസി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

ഡിസംബർ 23-ാം തീയതി ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റി സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരിയിൽ സമുദായ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ ക്രിസ്തുമസ് ആഘോഷിച്ചു.

കഴിഞ്ഞ മാസം നമ്മുടെ സമുദായത്തിൽ അമേരിക്കയിൽ ദുഃഖകരമായ ഒരു വലിയ കാര്യം ഉണ്ടായി. അമേരിക്കയിലെ ചിക്കാഗോ ദൈവാലയത്തിൽ നമ്മുടെ സഹോദരന്മാരായ സമുദായ അംഗങ്ങൾക്ക് അവരുടെ ആത്മീയ ആവശ്യങ്ങളായ വി. കുർബ്ബാന ഉൾപ്പെടെയുള്ള കാര്യങ്ങൾ നിഷേധിക്കപ്പെട്ടു. ചിക്കാഗോ പള്ളിയിൽ കുറെ ആഴ്ചകളായി വി. കുർബ്ബാന മുടങ്ങിക്കിടക്കുകയാണ്. ആ ദൈവാലയത്തിലെ സെക്രട്ടറി ഉൾപ്പെടെ 63 ഇടവക ജനങ്ങൾ സമുദായ മെത്രാപ്പോലീത്തായ്ക്കും ക്നാനായ കമ്മിറ്റിയ്ക്കും പരാതി അയച്ചു. ഇതിനിടയിൽ ചിക്കാഗോ പള്ളി വികാരി രാജി സമർപ്പിച്ചതായി സമുദായ മെത്രാപ്പോലീത്തായെ രേഖാമൂലം അറിയിക്കുകയും ചെയ്തു. ചിക്കാഗോ പള്ളി വികാരി അമേരിക്കയിലെ സഹായ മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി കഴിഞ്ഞ രണ്ട് ഞായറാഴ്ചകളിൽ വേറൊരു ഹാളിൽ പോയി വി. കുർബ്ബാന ചൊല്ലിയെന്ന് ചിക്കാഗോ പള്ളിയിലെ ആളുകൾ അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലും ക്നാനായ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചും ക്നാനായ സമുദായ മെത്രാപ്പോലീത്ത അമേരിക്കയിലുള്ള ക്നാനായ സമുദായത്തിലെ മൂന്നു വൈദികർക്ക് ഒരു കല്പന കൊടുത്തു. വി. കുർബ്ബാന മുടങ്ങിക്കിടക്കുന്ന ചിക്കാഗോ ദൈവാലയത്തിലെ ഇടവക ജനത്തിന്റെ ആത്മീയ ആവശ്യം നിറവേറ്റി കൊടുക്കണമെന്ന് മാത്രമാണ് കല്പനയുടെ ഉള്ളടക്കം. വികാരിയായി ആരെയും നിയമിച്ചിട്ടില്ല. ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ ഉത്തരവാദിത്വമാണ് ഒരു ദൈവാലയത്തിൽ വി. കുർബ്ബാന മുടങ്ങിയാൽ അത് പുനഃസ്ഥാപിക്കണം എന്നുള്ളത്.

ഇതിന് ബദലായി അമേരിക്കയിലെ സഹായമെത്രാപ്പോലീത്താ ഒരു കല്പന ആ മൂന്ന് വൈദികർക്കും അയച്ചു. ആയതിന്റെ കോപ്പി സമുദായ മെത്രാപ്പോലീത്തായ്ക്കും,

മറ്റ് രണ്ട് സഹായമെത്രാന്മാർക്കും പരി. പാത്രിയർക്കീസ് ബാവായ്ക്കും, അമേരിക്കയിൽ ഉള്ള വൈദികശ്രേഷ്ഠർക്കും അയയ്ക്കുകയുണ്ടായി.

ഈ കല്പന ക്നാനായ സമുദായ ഭരണഘടനയ്ക്കും കീഴ്വഴക്കങ്ങൾക്കും വിരുദ്ധവും ഭരണഘടനയേയും ക്നാനായ സമുദായത്തിന്റെ നിലനിൽപ്പിനേയും ബാധിക്കുന്നതും ആകയാൽ, ഇത് ക്നാനായ കമ്മിറ്റി അംഗീകരിക്കുന്നില്ല. യാതൊരു കാരണവശാലും ക്നാനായ സമുദായത്തെ 4 മേഖലകളായി വെട്ടിമുറിച്ച് സ്വയംഭരണ മേഖലകൾ ആക്കുവാൻ ക്നാനായ കമ്മിറ്റിയും ക്നാനായ അസ്സോസിയേഷനും അനുവദിക്കുന്നതല്ല. അങ്ങനെ ഒരു വിഷയം ഇതുവരെ ക്നാനായ കമ്മിറ്റിയിലോ ക്നാനായ അസ്സോസിയേഷനിലോ വന്നിട്ടില്ല. അതുകൊണ്ടു തന്നെ അങ്ങനെ ഒരു കാര്യം ക്നാനായ സമുദായം ചിന്തിച്ചിട്ടുപോലുമില്ല. എല്ലാ തലങ്ങളിലും ഇതിനെ ശക്തമായി നേരിടും.

അമേരിക്കയിലെ നമ്മുടെ പള്ളികൾ എല്ലാം തന്നെ നമ്മുടെ സമുദായ മെത്രാപ്പോലീത്തായായിരുന്ന കാലം ചെയ്ത പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനി ക്നാനായ സമുദായത്തിനുവേണ്ടി സമുദായ ഭരണഘടനയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് സ്ഥാപിച്ചിട്ടുള്ളതാണ്.

അമേരിക്കയിൽ ഉള്ള ക്നാനായ സമുദായത്തിലെ വൈദികരോട് ഒരു വാക്ക്, നിങ്ങൾ ക്നാനായ സമുദായത്തിന്റെ വൈദികരായി തുടരുവാനാണ് ക്നാനായ സമുദായം ആഗ്രഹിക്കുന്നത്. എപ്പിസ്ക്കോപ്പൽ സഭകൾ ആയ മാർത്തോമ്മ സഭയുടെയും, ഓർത്തഡോക്സ് സഭയുടെയും, യാക്കോബായ സഭയുടെയും എല്ലാ വൈദികരും മലങ്കരയിലെ അവരവരുടെ മാതൃസഭയോട് ചേർന്നാണ് നിൽക്കുന്നത് എന്ന് ഓർക്കണം. ക്നാനായ സമുദായത്തിന്റെ ഒരുമയിലും തനിമയിലും ഉള്ള നിലനിൽപ്പിനുവേണ്ടി എല്ലാ ബഹു. വൈദികരുടെയും എല്ലാ സമുദായ അംഗങ്ങളുടെയും സഹകരണം ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

ആ ദൈവാലയത്തിലെ സമുദായ അംഗങ്ങളുടെ പ്രാർത്ഥനയാൽ ദൈവത്തിന്റെ മഹാവലിയ കൃപയാലും രണ്ടുമാസമായി വി. കുർബ്ബാന മുടങ്ങിക്കിടന്ന ദൈവാലയത്തിൽ ഡിസംബർ 31 ന് വി. കുർബ്ബാന അർപ്പിക്കുവാൻ സാധിച്ചു എന്ന സന്തോഷവാർത്ത ഇടവകജനം അറിയിക്കുകയുണ്ടായി. അവിടെ കുർബ്ബാനയർപ്പിച്ച ബഹു. വൈദികരോട് സമുദായത്തിന്റെ നന്ദി അറിയിക്കുന്നു.

അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേക ദിനം ക്നാനായ സമുദായ ദിനമായി ആചരിക്കണമെന്ന് വാങ്ങിപ്പോയ പരി. ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവ കല്പന നൽകി സമുദായത്തെ ആദരിച്ചിരുന്നുവല്ലോ. ആയതിനാൽ 2023 ജനുവരി 15–ാം തീയതി മോർ അപ്രേം സെമ്മിനാരിയിലെ നവീകരിച്ച അസ്സോസിയേഷൻ ഹാളിന്റെ കൂദാശയും സംയോജിപ്പിച്ചുകൊണ്ട് ക്നാനായ അസ്സോസിയേഷൻ അംഗങ്ങളുടെയും സമുദായ ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയാണ്. കൂദാശയെ തുടർന്ന് സമുദായ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ഉദ്ഘാടന സമ്മേളനം ബഹു. കേരളാ ആരോഗ്യ ശിശുക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നതും, എം.എൽ.എ.മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും രാഷ്ട്രീയ സാമൂഹിക സാമുദായിക നേതാക്കന്മാരും പങ്കെടുക്കുന്നതുമാണ്. ഏവരുടെയും സാന്നിദ്ധ്യ സഹകരണം ക്ഷണിച്ചു കൊള്ളുന്നു.

തോട്ടയ്ക്കാട്ട് പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന സേവേറിയോസ് സയൻസ് ആൻഡ് ആർട്സ് കോളജിന്റെ താഴത്തെ നിലയുടെ റൂഫ് കോൺക്രീറ്റ് ഡിസംബർ 5–ാം തീയതി സമുദായ മെത്രാപ്പോലീത്താ കോളേജ് സൈറ്റിൽ വന്നു ഉദ്ഘാടനം ചെയ്തു. ഇപ്പോൾ കോൺക്രീറ്റിംഗ് ജോലികൾ പൂർത്തിയായി അടുത്ത നിലയ്ക്കുള്ള തൂണുകൾ വാർത്തുകൊണ്ടിരിക്കുന്നു എന്നുള്ള സന്തോഷ വാർത്ത അറിയിക്കട്ടെ.

ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്ക് യാക്കോബായ സഭയിലെ ദൈവാലയങ്ങളിൽ ആരാധനയിൽ സംബന്ധിക്കുന്നതിന് വിലക്കേർപ്പെടുത്തിയിട്ട് ഒന്നരവർഷം കഴിഞ്ഞു. ഈ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകുന്നതുവരെ യാക്കോബായ സഭയിലെ മെത്രാൻമാരെ ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽ ക്ഷണിക്കേണ്ടതില്ല എന്ന് ക്നാനായ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. ആ തീരുമാനം സമുദായ വികാരി ജനറാൾ സർക്കുലർമൂലം സമുദായത്തിലെ എല്ലാ വൈദികർക്കും അയച്ചു കൊടുത്തിട്ടുണ്ട്. ഇതിനു വിപരീതമായി ഒരു പള്ളിയുടെ വലിയ പെരുന്നാളിന് മുന്നോടിയായുള്ള കൊടിയേറ്റിന് യാക്കോബായ സഭയിലെ മെത്രാപ്പോലീത്തായെ ക്ഷണിച്ച് വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ പള്ളി വികാരി ക്നാനായ കമ്മിറ്റി അംഗമായ പള്ളി ട്രസ്റ്റിയുടെ എതിർപ്പിനെ വകവെക്കാതെ തീരുമാനമെടുത്തു. ഈ കാര്യം അദ്ദേഹം കമ്മിറ്റിയിൽ അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 23/12/2022 ൽ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റികൂടി കമ്മിറ്റിയുടെ മുൻ തീരുമാനത്തിന് വിരുദ്ധമായി പള്ളി വികാരി പ്രവർത്തിക്കരുത് എന്ന് പള്ളി വികാരിയെ രേഖാമൂലം അറിയിക്കുവാൻ കമ്മറ്റി തീരുമാനിച്ചു.

ക്നാനായ അസ്സോസിയേഷൻ എന്തുകൊണ്ട് കൂടുന്നില്ല എന്ന് ചിലർ ചോദിക്കുന്നുണ്ട്. ആയതിന്റെ കാരണം ഒരിക്കൽ കൂടി ഇവിടെ വിശദീകരിക്കട്ടെ.

ഏറ്റവും ഒടുവിൽ ക്നാനായ അസ്സോസിയേഷൻ കൂടിയത് 2020 ജനുവരി 28 ന് ആയിരുന്നു. പിന്നീട് 2020 മാർച്ച് മുതൽ കൊറോണ ബാധിച്ചതിനാൽ 2020 മാർച്ച് മുതൽ 2022 മാർച്ച് വരെ കൊറോണ നിബന്ധനകൾ ഉണ്ടായിരുന്നു. കൊറോണ നിബന്ധനകൾ പിൻവലിച്ച ഉടൻ തന്നെ വീണ്ടും അസ്സോസിയേഷൻ കൂടുവാൻ 2022 ഏപ്രിൽ നോട്ടീസ് അയച്ചു എല്ലാ ക്രമീകരണങ്ങളും ചെയ്തപ്പോൾ 2022 മെയ് 28–ാം തീയതി ശനിയാഴ്ച രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ നോട്ടീസിലെ ആറും ഏഴും ഐറ്റങ്ങൾ കോട്ടയം കോടതിയിൽ നിന്നും സ്റ്റേ ചെയ്യിച്ചു കോടതി ഉത്തരവ് വാങ്ങി. 6–ാമത്തെ ഐറ്റം പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുക എന്നതും 7–ാമത്തെ ഐറ്റം ഫലപ്രഖ്യാപനവും ആണ്. കോടതി ഉത്തരവിൽ താൽക്കാലിക പ്രസിഡന്റിനെ എന്നോ സ്ഥിരം പ്രസിഡന്റ് എന്നോ പറഞ്ഞിട്ടില്ല. തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും നിരോധിച്ചിരിക്കുകയാണ്. പിന്നെ എങ്ങനെ ക്നാനായ അസ്സോസിയേഷൻ കൂടുവാൻ സാധിക്കും. കോടതി ഉത്തരവ് ഇങ്ങനെ നിലനിൽക്കുന്നതിനാൽ അസ്സോസിയേഷൻ നോട്ടീസ് അയച്ചാൽ തന്നെ കോർട്ട് അലക്ഷ്യമാണെന്നാണ് നിയമോപദേശം കിട്ടിയിരിക്കുന്നത്.

ഇതിനുശേഷം അസ്സോസിയേഷൻ കാലാവധി അഞ്ച് വർഷം എന്നുള്ളതിന് എതിരെയും രണ്ട് അസ്സോസിയേഷൻ മെമ്പർമാർ കോട്ടയം കോടതിയിൽ പോയി ഉത്തരവ് വാങ്ങി. കമ്മിറ്റി ആ ഉത്തരവ് മേൽക്കോടതിയിൽ അപ്പീൽ കൊടുത്ത് സ്റ്റേ ചെയ്തിരിക്കുകയാണ്. ഇതാണ് യഥാർത്ഥ വസ്തുത. മേൽപ്പറഞ്ഞ രണ്ടു മെമ്പർമാരും ചേർന്ന് നിലവിലുള്ള ക്നാനായ അസ്സോസിയേഷന്റെ ഇതുവരെ നടന്ന എല്ലാ

*(ശേഷം പേജ് 20–ൽ)*

# ക്രിസ്തു വസിക്കുന്ന ഇടം

അമ്മാൾ രാജൻ, പുളിമൂട്ടിൽ

ഒരിക്കൽ വളരെ ദരിദ്രനായ ഒരു കൊച്ചു ബാലൻ അവന്റെ അമ്മ അസുഖം ബാധിച്ചു കിടപ്പിലായപ്പോൾ എവിടെയോ കേട്ടിട്ടുള്ള ക്രിസ്തുവിനെ തിരക്കിയിറങ്ങി. അവന്റെ കൈയ്യിൽ ആകെ ഉള്ളത് രണ്ടു രൂപയാണ്. ദൈവാലയങ്ങൾ കയറി ഇറങ്ങി ക്രിസ്തുവിനെ മേടിക്കാൻ ഓരോ ദൈവാലയത്തിൽ ചെല്ലുമ്പോഴും പുരോഹിതന്മാരോടും കൈയ്യാളന്മാരോടും ഒക്കെ ചോദിക്കും ഈ രണ്ടു രൂപാ എടുത്തിട്ട് ഇവിടെ നിങ്ങൾ വച്ചിരിക്കുന്ന ക്രിസ്തുവിനെ തരാമോന്ന്. ഓരോരുത്തരും ഇവിടെ ഇരിക്കുന്ന ക്രിസ്തുവിനെ കൊടുക്കാനൊക്കത്തില്ലാന്ന് പറഞ്ഞ് ഇറക്കിവിട്ടു. ആ കൊച്ചുബാലൻ കേട്ടിട്ടുണ്ട് ക്രിസ്തു സൗജന്യമായി ചികിത്സിക്കുന്നവനാണെന്ന്. അവന്റെ അമ്മയെ ചികിൽസിക്കാൻ പൈസ ഇല്ലാത്തതുകൊണ്ട് സൗജന്യമായി ചികിത്സിക്കുന്ന ക്രിസ്തുവിനെ തിരക്കിയിറങ്ങിയതാണ്. വിശന്നു തളരുകയാണ്, വഴിയരുകിൽ കണ്ട ഒരു പൈപ്പിൽനിന്നും വെള്ളം കുടിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ഭിക്ഷു അതിലെ വന്നു. ഈ കുഞ്ഞിനെ കണ്ടു മനസ്സലിഞ്ഞു കാര്യങ്ങൾ തിരക്കി ഭിക്ഷു പറഞ്ഞു എന്റെ കുടിലിൽ ക്രിസ്തു ഉണ്ട്. ആ രണ്ടു രൂപാ എന്റെ കയ്യിൽ തന്നേര്; ഞാൻ എന്റെ കുടിലിൽ ഇരിക്കുന്ന ക്രിസ്തുവിനെ തരാമെന്നു പറഞ്ഞു. ബാലൻ ഭിക്ഷുവിന്റെ കൂടെപോയി. ഭിക്ഷു ഒരു വെള്ളക്കടലാസു പൊതിഞ്ഞു അവന്റെ കയ്യിൽ കൊടുത്തു വീട്ടിൽ ചെന്നിട്ടു മാത്രമേ ഇതു തുറന്നു നോക്കാവൂ എന്നു പറഞ്ഞു. അവൻ അവിടെനിന്നു ഓടി വീട്ടിൽ ചെന്നു. അമ്മ കിടന്ന കട്ടിലിൽ അമ്മയില്ലാ. കടലാസുപൊതിയും കയ്യിൽ പിടിച്ചു കരയാൻ തുടങ്ങി. അപ്പോൾ മുറിയിൽ ഒരു പ്രകാശം, കൈയ്യിലിരുന്ന കടലാസുപൊതി പെട്ടെന്ന് അപ്രത്യക്ഷമായി. അവന്റെ സ്നേഹനിധിയായ അമ്മ അവനെനോക്കി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു. മോനെ കുറച്ചു മുൻപ് എന്നെ ആരോ തൊടുന്നതായി തോന്നി. പെട്ടെന്ന് കട്ടിലിൽ ഞാൻ എണ്ണീറ്റിരുന്നു; എന്റെ എല്ലാ അസുഖങ്ങളും മാറി അപ്പോൾ ഞാൻ എണീറ്റു എന്നെ തൊട്ടവരാരെന്ന് നോക്കാൻ വെളിയിലിറങ്ങിയതാണ്, അതുകൊണ്ടാണ് എന്നെ കട്ടിലിൽ കാണാഞ്ഞത്. ഭിക്ഷു കടലാസിൽ പൊതിഞ്ഞുകൊടുത്ത ക്രിസ്തു അവന്റെ അമ്മയെ സൗഖ്യമാക്കിയെന്നു മനസ്സിലായി. കടലാസിൽ ക്രിസ്തുവിനെ കൊടുത്ത ഭിക്ഷുവിനെതേടി കുടിലിൽ ചെന്നപ്പോൾ അങ്ങനെ ഒരാൾ അവിടെയില്ല. ക്രിസ്തുവിനെ വില കൊടുത്താൽ കിട്ടുന്നതാണോ? ആ ബാലന്റെ കയ്യിലിരുന്നത് രണ്ടു രൂപയല്ല. അവന്റെ ആകെ സമ്പാദ്യം കൊണ്ടാണ് ക്രിസ്തുവിനെ തേടിയിറങ്ങിയത്. ഓരോ ദൈവാലയങ്ങളും കയറി ഇറങ്ങുമ്പോഴും പുരോഹിതന്മാരും കൈയ്യാളന്മാരും എല്ലാം വെറും കയ്യോടെ വിട്ടു. “പുരോഹിതന്മാരും പ്രവാചകന്മാരും ഒരുപോലെ വ്യാജം പ്രവർത്തിക്കുന്നു. സമാധാനം ഇല്ലാതെയിരിക്കെ സമാധാനം എന്ന് അവർ പറഞ്ഞ്, എന്റെ ജനത്തിന്റെ മുറിവിന് ലഘുവായി ചികിത്സിക്കുന്നു” (യിരമ്യ 6:13) ക്രിസ്തു ദൈവാലയത്തിൽ ഭിത്തിയിൽ ചാരിയിരിക്കുന്നവനല്ല, അവൻ സർവ്വ വ്യാപിയാണ്, ആരുടേയും കുത്തകയല്ല. ക്രിസ്തുവിനെ തിരയുന്നവർക്ക് ക്രിസ്തുവിനെ ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതിലാണ് നേട്ടം. കോടി കൊടുത്തു പള്ളി പണിതതുകൊണ്ടും ചുറ്റും വെണ്ണകല്ലു പതിപ്പിച്ചതുകൊണ്ടും ക്രിസ്തുവിനെ വരച്ചു വച്ചതുകൊണ്ടും ക്രിസ്തു അവിടെ കാണണമെന്നില്ല. ജനങ്ങൾ രാജകീയ കസേര കൊണ്ടിടുമ്പം അതിൽ ഗമയിൽ കയറി ഇരിക്കുന്നവനല്ല ക്രിസ്തു. നമ്മുടെ ശരീരമാകുന്ന ദൈവാലയത്തിൽ ക്രിസ്തുവിനിരിക്കുവാൻ സ്ഥലം നാം ഒരുക്കിയിട്ടിയിരിക്കുകയാണോ. ദൈവാലയത്തിൽ ആരാധനയ്ക്കായി നില്ക്കുമ്പോൾ കുറെ പേരെങ്കിലും അവരുടെ ഹൃദയഭാരം ഒന്നിറക്കിവെക്കുവാൻ, വേദനകൾക്ക് ശമനം ലഭിക്കുവാൻ അവരതിനാണു വരുന്നത്. അതിന്റെയിടയിൽ സഭയ്ക്ക് വസ്തു മേടിക്കുന്ന കാര്യവും കല്ലിടുന്ന കാര്യവും പള്ളി പൊളിച്ചു പണിയുന്ന കാര്യവും പിരിവെടുക്കുന്ന കാര്യവും മറ്റും ചർച്ച ചെയ്തുകൊണ്ടിരിക്കരുത്. ഉള്ളവന് ഉള്ളതെല്ലാം പ്രശ്നമാണ്. ഇല്ലാത്തവന് ഇല്ലാന്നുള്ള പ്രശ്നം അവര് ജീവിതം എന്ത് എങ്ങനെ എവിടെ അവസാനിക്കുമെന്നുള്ള അങ്കലാപ്പിലാണ്. ദൈവാലയം ദു:ഖിതർക്ക് ആശ്വാസം പകർന്നു കൊടുക്കുവാനുള്ള താവളമാകുമ്പോഴാണ് അത് ദൈവാലയമായി മാറുന്നത്. പള്ളിക്കു വരുമാനമുണ്ടാക്കുന്ന കണക്കുകൂട്ടലുകളല്ല ദൈവാലയം. യേശു സമയം ചിലവഴിച്ചത് കൂടുതലും പാവപ്പെട്ടവരായ മുക്കുവന്മാരുടെ കൂടെയാണ് ക്രിസ്തുവിന്റെ സാമിപ്യത്തിനു പുറമേയുള്ള ഭംഗിയല്ല ആവശ്യം. “ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും” (മത്താ. 5:8).

എന്നെ നാടു കടത്തട്ടെ
തുണയ്ക്ക് കർത്താവുണ്ടങ്ങ്
വാളാലെന്നെ കീറട്ടെ
എനിക്ക് താങ്ങുണ്ടേശായ...

ആഴിയിലേക്കെറിയെട്ടെന്നെ
യോനാ നിബിയുണ്ടെൻ മുന്നിൽ
സിംഹക്കുഴിയിൽ തള്ളട്ടെ
ദാനിയേലെൻ ആശ്വാസം

തീച്ചൂളിലെറിയെട്ടെന്നെ
ആ പൈതങ്ങളെ ഞാനോർക്കും
വാളാലെൻ തല വീഴട്ടെ
സ്നാപകയോഹന്നാൻ മുന്നിൽ

കല്ലേറാൽ കൊല്ലട്ടെന്നെ
സ്തേഫാനോസുണ്ടെന്നരികിൽ
സമ്പത്തെല്ലാം കവരട്ടെ
ക്ലേശമെനിക്കു തരിമ്പില്ല

ഞാനിവിടെത്തി വെറും കൈയ്യായ്
പോകും തിരികെ വെറും കൈയ്യായ്
ഞാനവിടെത്തി താതന്റെ
സവിധം ചേർന്ന് വസിച്ചീടും

# വർത്തമാനകാലത്തിലെ ദുരന്തം

ജോയി കുഴികണ്ടത്തിൽ, കല്ലിശ്ശേരി

വിവാഹമോചനം വർത്തമാനകാലത്തിലെ വിശേഷ വാർത്തയായി തീർന്നിരിക്കുകയാണ്. ചിലരൊക്കെ അതൊരു ഫാഷനായി കണക്കാക്കുകയാണ്. പരി. സഭയിൽ നിന്നും ദൈവീക പദ്ധതിപ്രകാരം ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നവരാണ് വധൂവരന്മാർ. ദൈവാലയത്തിലെ വിശുദ്ധ മദ്ബഹായ്ക്കു മുൻപിൽ വച്ച് ബഹു. വൈദികരുടെ കാർമ്മികത്വത്തിൽ പരി. സഭയുടെ ഏഴു കൂദാശകളിൽ ഒന്നായ പരി. കൂദാശയാൽ ദമ്പതികളെ സംയോജിക്കപ്പെടുന്നതാണ് വിവാഹം.

ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്തുന്നത് ശുഭകരമല്ല. ആദ്യപിതാവായ ആദാമിന് ദൈവം സൃഷ്ടിച്ചുകൊടുത്ത തക്കതുണയായ ഹവ്വാ ആദാമിനെ പ്രലോഭിപ്പിച്ച് വിലക്കപ്പെട്ട കനി തീറ്റിച്ചു. തൽഫലമായി ആദാമിന് ദൈവത്തോടുകൂടിയുള്ള സഹവാസം നഷ്ടപ്പെടുകയും സമ്പൽ സമൃദ്ധമായ ഏദൻതോട്ടത്തിൽ നിന്നും ഇറങ്ങേണ്ടിവരികയും, പിൽക്കാലത്ത് പല കഷ്ടനഷ്ടങ്ങളും ദുഃഖദുരിതങ്ങളും ഉണ്ടായിട്ടും ഹവ്വായെ ഉപേക്ഷിച്ചില്ല.

മനുഷ്യകുലത്തിന് പ്രാകൃതവും നിയന്ത്രണവുമില്ലാത്ത ജീവിതചര്യയുടെ മേൽ ഒരു സാംസ്ക്കാരിക ജീവിതക്രമവും നിയന്ത്രണവും, അച്ചടക്കവും, സദാചാരവും കുടുംബ ധാർമ്മികതയും കൊണ്ടുവരികയും അതോടൊപ്പം താൻ ഏകനല്ല എന്ന ഒരു ബോധം ഉണ്ടാകുകയും ചെയ്തത് വി. വിവാഹം മൂലമാണ്. ഒരു കാലത്ത് നമ്മുടെ ഇടയിൽ കേട്ടുകേഴ്‌വിപോലും ഇല്ലാതിരുന്ന വിവാഹമോചനം ഇന്ന് സർവ്വസാധാരണമായിക്കഴിഞ്ഞു. ഇത് നമ്മുടെ പാരമ്പര്യത്തേയും വൈവാഹിക വിശുദ്ധിയേയും ദാമ്പത്യബന്ധത്തേയും വംശശുദ്ധിയേയും കുടുംബ ഭദ്രതയേയും സാരമായി ബാധിച്ചു. വർത്തമാനകാലത്തിലെ ഒരു ദുരന്തമായി വിവാഹമോചനം മാറിയിരിക്കുന്നു. ആദിമുതലേ പുരുഷനും സ്ത്രീയും രണ്ടല്ല ഇരുവരും ഏകശരീരമായിരിക്കും എന്നുള്ള തിരുവചന ലംഘനമാണ് വിവാഹമോചനം.

മനുഷ്യന്റെ ഹൃദയ കാഠിന്യം നിമിത്തം മോചനപത്രം എഴുതിക്കൊടുത്ത് ഭാര്യയെ ഉപേക്ഷിക്കാമെന്ന് മോശ വിധിച്ചതിനെതിരെയാണ് യേശു പ്രതിവചിച്ചത്. പരസംഗം മൂലമല്ലാതെ വേറെ കാരണത്താൽ ഭാര്യയെ ഉപേക്ഷിക്കുന്നവൻ അവളെ വ്യഭിചാരിണിയാക്കുന്നു. തുടർന്ന് യേശു വ്യക്തമാക്കുന്നു ദൈവം സംയോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

വിവാഹം ദൈവീകമായ ബന്ധമാണ്. ധാർമ്മികമായ വിശുദ്ധിയാണ്. അത് പരസ്പരമുള്ള വിശ്വാസവും ഉടമ്പടിയുമാണ്. സാമൂഹികമായ നീതിന്യായ വ്യവസ്ഥയാണ്. ദൈവകൃപ ലഭിക്കുന്നതിനുള്ള വിശുദ്ധ കർമ്മമാണ്. വി.പൗലോസ് പറയുന്നു സംയമന കുറവു നിമിത്തം പിശാച് നിങ്ങളെ പ്രലോഭിപ്പിക്കും. അതുകൊണ്ട് പുരുഷന് ഭാര്യയും സ്ത്രീക്ക് ഭർത്താവും ഉണ്ടായിരിക്കട്ടെ. അവർ ദാമ്പത്യ ധർമ്മം നിറവേറ്റണം. ഭാര്യ ഭർത്താവിന് രക്ഷകയാകണം. ഭർത്താവ് ഭാര്യയ്ക്ക് രക്ഷകനാകണം. ഭാര്യയുടേയും ഭർത്താവിന്റേയും ശരീരത്തിൻമേൽ പരസ്പരം അധികാരമുണ്ട്. വിവാഹം പരസ്പരാശ്രിതമായ അധികാരത്തിന്റെയും അവകാശത്തിന്റെയും കീഴ്‌വഴക്കത്തിന്റെയും പരിപാലന ധർമ്മമാണ്. ദുഃഖദുരിതപൂരിതമായ ജീവിതക്ലേശങ്ങളിൽ സന്തുഷ്ടിയുടെയും സമാധാനത്തിന്റെയും ദൈവവിളിയാണ് വിവാഹം. ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹം മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹം ഈ രണ്ടു സ്നേഹങ്ങളിലാണ് മനുഷ്യജന്മം സഫലമാകുന്നത്. വിവാഹ തകർച്ചയിലൂടെ കുടുംബ ബന്ധങ്ങളും തകർന്നു പോകുകയാണ്.

സ്ത്രീയും പുരുഷനും തമ്മിൽ വല്ലാത്തൊരടുപ്പമുണ്ട് പ്രേമ കാര്യത്തിൽ. ആത്മാവും ആത്മാവും തമ്മിൽ അലൗകികമായ ഒരു ദാഹമുണ്ട്. ഈ പ്രണയത്തിന്റെ തീക്ഷ്ണതയെ വെളിപ്പെടുത്തുന്നതാണ് റോമിയോ ജൂലിയറ്റും, ലൈലാ മജ്നുവും താജ്മഹലും, ക്ലിയോപാട്രയ്ക്കുവേണ്ടിയുള്ള യുദ്ധങ്ങളും ട്രോയിയിലെ ഹെലനുവേണ്ടിയുള്ള സാഹസികതയും. രാജാക്കന്മാരുടെ കിരീടവും ചെങ്കോലും വലിച്ചെറിയലും റാഹേലിനുവേണ്ടിയുള്ള യാക്കോബിന്റെ അധികവർഷ ആടുമേയ്പ്പും. വിവാഹം ഇന്നൊരു Business contract ആയി മാറി. സമ്പത്തും പൊങ്ങച്ചവും കാണിക്കാനുള്ള വേദിയായി മാറി. മാതാപിതാക്കളേയും പിതൃഗൃഹത്തേയും വിട്ടുപോന്ന യുവ മിഥുനങ്ങൾ ഒന്നാകാതെ രണ്ടായിത്തന്നെ നടക്കുന്നു. അൾത്താരയും ക്ഷേത്രാങ്കണവും പൂജാരിയും പൂജയും താലിയും വെറും ബാഹ്യമോടികളായി. വീടും അങ്കണവും പന്തലും വീട്ടുഭക്ഷണവും വിവാഹത്തിൽ നിന്നും ഒഴിവായി. ആദ്യരാത്രിയുടെ വീട്ടുമുറി റിസോർട്ടുമുറിയായി, ബന്ധുവീടുകളിലേയ്ക്കുള്ള വിരുന്നു യാത്രകൾക്കുപകരം ബന്ധങ്ങളില്ലാത്ത അപരിചിത നാടുകളിലേക്കായി. ഇവിടെ പുതുതായിട്ടൊന്നും പൂവിടുന്നില്ല. കളിചിരിയില്ല, നേരംപോക്കിനു നേരമില്ല. സ്നേഹമില്ല സൗഹൃദങ്ങളില്ല. ഏതോ പുതുസാമ്രാജ്യം കെട്ടിപ്പടുക്കാനുള്ള പരക്കംപാച്ചിലാണ്. നരജീവിതത്തിലുണ്ടാകുന്ന വേദനകൾക്ക് കുഞ്ഞുങ്ങളുടെ കളിയും ചിരിയും ഔഷധങ്ങളാണെന്നു തിരിച്ചറിയുന്നില്ല.

വി. പൗലോസ് എഫെസ്യർക്ക് എഴുതിയ ലേഖനത്തിൽ ഇങ്ങനെ പറയുന്നു: ഭാര്യമാരെ നിങ്ങൾ കർത്താവിനെ എന്നപോലെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം. ഭർത്താക്കന്മാരേ ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ഇനിമുതൽ മരണം വരെ സുഖത്തിലും ദുഃഖത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും അനാരോഗ്യത്തിലും സന്തോഷത്തിലും സന്താപത്തിലും ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്ന് വിവാഹ കൂദാശയിൽ അൾത്താരക്കു മുൻപിൽ പ്രതിജ്ഞ



എടുത്തവരാണ് ദമ്പതികൾ. എന്നാൽ ആധുനികമായ ജീവിത സാഹചര്യങ്ങളും ചിന്താ രീതികളും ദമ്പതികളുടെ മനസ്സിൽ ഒരു ഈഗോ ക്ലാഷുണ്ടാക്കുകയാണ്. ഞാൻ ഭർത്താവിനു കീഴ്പ്പെടേണ്ട കാര്യമില്ല എനിക്കെന്റെ വ്യക്തിത്വമുണ്ട് എന്നു ഭാര്യയും എനിക്കെന്റെ സ്വാതന്ത്ര്യമുണ്ട്, ശമ്പളമുണ്ട് എന്റെ അഭീഷ്ടമനുസരിച്ച് ഭാര്യ ജീവിക്കണമെന്നു ഭർത്താവും ചിന്തിച്ചാൽ ദമ്പതികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുക്കുകയാണ്. മേൽ പറഞ്ഞതൊക്കെ ശരി തന്നെ; ആരും ആരുടെയും കീഴിലല്ല. എല്ലാവർക്കും അവരുടേതായ വ്യക്തിത്വമുണ്ട് ഫ്രീഡമുണ്ട് സാലറിയുണ്ട്. പക്ഷേ ഒന്നോർക്കുക ദമ്പതികൾ കുടുംബമെന്ന ദൈവാലയത്തിന്റെ തൂണുകളാണ്. തൂണുകൾ ഒന്നിച്ചു നിൽക്കണം. എന്നാൽ തൊട്ടടുത്തല്ല നിൽക്കേണ്ടത്, അവയ്ക്ക് അവയുടേതായ അകലമുണ്ടായിരിക്കണം.

തുല്യതയ്ക്കുവേണ്ടിയുള്ള പോരാട്ടമാണ് ദമ്പതികൾക്കിടയിലെ മുഖ്യപ്രശ്നം. അതൊരു വടംവലി മത്സരംപോലെയാണ്. ആരെങ്കിലും ഒരാൾ ജയിക്കണമല്ലോ ജയിക്കുന്ന ആൾ സുപ്പീരിയോരിറ്റി കോംപ്ലെക്സോടെ പെരുമാറും തോൽക്കുന്നയാൾ ഇൻഫീരിയോരിറ്റി കോംപ്ലെക്സോടെ തിരിച്ചടിക്കും. ഫലം അസന്തുഷ്ടിയും നൈരാശ്യവും അസമാധാനവും. അനന്തരഫലം വഴക്കും അകൽച്ചയും വേർപിരിയലും.

അമേരിക്കയിലും മറ്റു വിദേശ രാജ്യങ്ങളിലും താമസിക്കുന്ന കുടുംബങ്ങളിലെ യുവാക്കൾക്കിടയിലെ മോഡേൺ ട്രൻഡ് വിവാഹം വേണ്ടെന്നു വെക്കുകയോ നീട്ടിക്കൊണ്ടു പോകുകയോ ആണ്. വാർദ്ധക്യത്തിൽ കുടുംബത്തിൽ സ്വസ്ഥമായി കഴിയേണ്ട മാതാപിതാക്കൾക്ക് ഇതൊരു തലവേദനയാകുകയാണ്. യൗവനം അന്തമാണെന്നും പ്രായവും പക്വതയും സമ്പത്തും വന്നശേഷം വിവാഹം കഴിക്കാം എന്നു തോന്നാം. എന്നാൽ യൗവ്വനത്തിലെ വിവാഹത്തിന് ഒരു കാല്പനിക സൗന്ദര്യമുണ്ട്. അവിടെ സ്നേഹവും പ്രേമവും കുളിരും കോരിത്തരിപ്പും നിലാവും നക്ഷത്രങ്ങളും ശാരോനിലെ പനിനീർപൂക്കളുടെ സുഗന്ധവും ഉണ്ട്. എനിക്കിപ്പോൾ സൗഗന്ധികപ്പൂ വേണമെന്നു പറയുന്ന പാഞ്ചാലി എന്ന ഭാര്യയുടെ കാൽക്കൽ ഭർത്താവായ ഭീമൻ ഗന്ധമാദന പർവ്വതംവരെ ചെന്ന് പൂ പറിച്ച് സമർപ്പിക്കുന്നു. അതാണ് യൗവ്വനപ്രായത്തിന്റെ ത്രിൽ. താമസിച്ച് വിവാഹിതരാകുമ്പോൾ പ്രേമിക്കാൻ ആവാത്ത ദമ്പതികളായി ദാമ്പത്യത്തെ വിരസമാക്കും. വൃദ്ധ ദാമ്പത്യത്തിലെ രസമെന്നു പറയുന്നത് പ്രേമസുരലിഭ യൗവ്വന ദാമ്പത്യത്തിലെ മധുവും വിധുവും ഓർമ്മയിൽ താലോലിക്കുന്ന സൂചികളും നിറങ്ങളുമാണ്.

കഴിഞ്ഞ തലമുറയിലെ മാതാപിതാക്കൾക്ക് പെൺമക്കൾ വിവാഹ പ്രായമാകുമ്പോൾ ആധിയും ആൺമക്കൾ പ്രായമാകുമ്പോൾ വ്യഥയുമായിരുന്നു. പെൺമക്കളെ യൗവ്വനത്തിൽ തന്നെ കെട്ടിച്ചയക്കണമെന്ന് മാതാവ് പിതാവിനെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. യൗവ്വനാരംഭത്തിൽ തന്നെ മക്കളെ വിവാഹം കഴിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വവും ആർജ്ജവും അവർക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് പല മാതാപിതാക്കളും മക്കളെ പണസമ്പാദനത്തിനുള്ള മാർഗ്ഗമായി കണക്കാക്കി വിവാഹം നീട്ടിക്കൊണ്ടുപോകുകയാണ്. അനന്തരഫലം ധാരാളം മക്കൾ സഭയിൽ നിന്നും പുറത്തു പോകുകയാണ്. പണ്ട് ഇല്ലായ്മയുടെ കാലത്ത് മാതാപിതാക്കൾ സന്ധ്യാ പ്രാർത്ഥനയിൽ എന്റെ ദൈവമേ എന്റെ മക്കളെ തക്കകാലത്ത് തക്കസമയത്ത് തക്ക അന്തസ്സിൽ വിവാഹം നടത്താനുള്ള കൃപ തരണമെ എന്നു പ്രാർത്ഥിക്കുമായിരുന്നു. ഇന്ന് ആരെങ്കിലും അങ്ങനെ പ്രാർത്ഥിക്കുന്നുണ്ടോ?

പുരുഷൻ സന്തോഷത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതല്ല. അവൻ സഹിക്കുവാനും കഷ്ടപ്പെടുവാനുമായി ജനിച്ചവനാണ്. വിവാഹത്തിലൂടെ അവൻ സന്തോഷവും സമാധാനവും കണ്ടെത്തുന്നു. കുടുംബമെന്ന വ്യവസ്ഥിതി വഴി പുരുഷൻ സ്ത്രീക്കുവേണ്ടിയും സ്ത്രീകൾ മക്കൾക്കുവേണ്ടിയും സേവനം ചെയ്യാൻ കടപ്പെട്ടിരിക്കുന്നു.

പ്രകൃതിയിൽ തന്നെ പുരുഷൻ സ്ത്രീക്കും സ്ത്രീ കുഞ്ഞുങ്ങൾക്കും വംശം നിലനിർത്തുന്നതിനും വേണ്ടിയും നിലകൊള്ളുന്നു. ഈ പ്രക്രിയയാണ് ദാമ്പത്യവും കുടുംബവ്യവസ്ഥയുടെ ആഴത്തിലുള്ള കെട്ടുറപ്പും സുദൃഢമാക്കുന്നത്. പ്രകൃതിയുടെ താളക്രമത്തെ തെറ്റിക്കുന്നതാണ് അടിസ്ഥാനപരമായി ദാമ്പത്യപ്രശ്നവും കുടുംബ പ്രശ്നവും.

പണ്ട് ഭവനത്തിൽ എട്ടു പത്തും കുഞ്ഞുങ്ങൾ ഉള്ള കാലത്ത് ഒരു സ്ത്രീ ഭർതൃവീട്ടിൽ നിന്നും സ്വന്തഭവനത്തിൽ വന്നാൽ കാര്യങ്ങൾ ഗ്രഹിച്ചശേഷം ഒരു നേരത്തെ ആഹാരവും കൊടുത്ത് പറഞ്ഞുവിടുകയോ കൊണ്ടാക്കുകയോ ചെയ്ത് പ്രശ്നം പരിഹരിക്കുമായിരുന്നു. അതിനു തക്ക ആർജ്ജവവും തന്റേടവും അന്നത്തെ രക്ഷിതാക്കൾക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് അണുകുടുംബങ്ങളാണ്. ഭവനത്തിൽ ഒന്നോ രണ്ടോ കുഞ്ഞുങ്ങൾ മാത്രമേയുള്ളൂ. ദമ്പതികൾ തമ്മിലുള്ള നിസ്സാര പിണക്കങ്ങളിൽ പോലും അവനെ കളഞ്ഞിട്ടു നീയിങ്ങുപോരെ എന്നു പറഞ്ഞ് രക്ഷിതാക്കൾ പ്രോത്സാഹിപ്പിക്കുകയാണ്. അനന്തരഫലം വിവാഹത്തകർച്ച. ഇന്ന് മിക്ക സഭകളിലും വിവാഹത്തിനു മുന്നോടിയായി ദമ്പതികൾക്ക് കൗൺസിലിംഗ് കൊടുക്കാറുണ്ട്. വളരെ നല്ല കാര്യം. എന്നാൽ അതിനും മുൻപായി രക്ഷിതാക്കൾക്കു കൂടി കൗൺസിലിംഗ് കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. വേർപിരിയുന്ന ദമ്പതികൾ ഒരു കാര്യം ഓർക്കുന്നത് നന്നായിരിക്കും. കുഞ്ഞുങ്ങൾ ഉള്ളവരാണെങ്കിൽ തങ്ങളുടെ കുഞ്ഞുങ്ങൾ അപ്പനും അമ്മയ്ക്കും ഒപ്പം വളരുന്നതാണ് അവരുടെ ഭാവിക്കു നല്ലത്. ആരെങ്കിലും ഒരാൾ മിസ്സായാൽ കുഞ്ഞുങ്ങളിൽ പലരും മാനസിക ആരോഗ്യം ഇല്ലാത്തവരായി തീരുകയാണ്.

ദമ്പതികൾ അവരുടെ ജോലികൾ തമ്മിലുള്ള സ്റ്റാറ്റസ് നോക്കാതെ അവരുടെ സാലറിയുടെ ഏറ്റക്കുറച്ചിൽ ഒരു കുറവായി കാണാതെ പിതൃസ്വത്തല്ല സ്ത്രീയാണ് ധനമെന്ന നല്ല വിചാരത്തോടുകൂടി തങ്ങളുടെ ഇരു കുടുംബക്കാരേയും പരസ്പരം അധിക്ഷേപിക്കാതെ ബഹുമാനത്തോടും സ്നേഹത്തോടും അവരോടു പെരുമാറി സന്ധ്യയ്ക്ക് ഒരുമിച്ചിരുന്നു പ്രാർത്ഥിച്ച് ഒരുമിച്ച് ഭക്ഷണം കഴിച്ച് അന്നന്നത്തെ കാര്യങ്ങൾ പരസ്പരം സഹിഷ്ണുതയോട് കേട്ട് ചർച്ച ചെയ്ത് ഒരു മനസ്സോടെ മുന്നോട്ടുപോയാൽ ദാമ്പത്യ കെട്ടുറപ്പും കുടുംബ ഭദ്രതയും തന്ന് തമ്പുരാൻ കാത്തു പരിപാലിച്ചുകൊള്ളും. ●


Then the LORD GOD said, "It is not good that the man should be alone;
I will make him a helper fit for him" Genesis 2:18
50th
Wedding Anniversary
21-01-2023
Punnoose Chacko & Sosamma Chacko
Thempara (H), Kurichy
Best Wishes from
Late: Soji, Selma, Joji & Litty, Jomon & Sogi
Grand Children: Sera & Shawn, Maria, Anna,
Izra, Reesh& Rishona
15th Wedding Anniversary
10-01-2023
Joji Jacob
&
Litty Joji
Thempara (H), Kurichy
Best Wishes from
Maria, Anna, Izra
Advt - R
14th Wedding Anniversary
19-01-2023
Jomon Jacob
&
Sogi Jomon
Thempara (H), Kurichy
Best Wishes from
Reesh & Rishona



# Congratulations

**Anju Thomas** daughter of Thomas Abraham (Anil) and Maria Thomas (Mini) Korathara House, Kunnamkarry (Veliyanadu) graduated as a Doctor of Medicine. She is the member of St. Stephen's Veliapally, Veliyanadu. She is also a member of St. Simon's Church, Birmingham, UK. Congratulations and best wishes from parents, sister and relatives!

Phone : +447943985323,
+ 447983511166, +918281478223

Advt -G

## Glory to God and Congratulations to
## Dr. MITHUN ABRAHAM SANTHOSH



Advt -S

**Dr. Mithun passed MD General Medicine from Govt. Medical College, Kottayam,** after his MBBS from JIPMER, Puthucherry. He got admission for D.M (Nephrology) in Govt. Medical College Alappuzha,. He is the son of Prof. Santhosh K. Thomas and Smt. Reena Abraham, Kunnanthanathu, Ranni and a member of St.Thomas Valiyapally, Ranni.

***Best complements from***
***Dr. Sachin Thomas Santhosh & Dr. Mithra Mary Santhosh***

## Ph.D in Physics



**Dr. PraveenThomas Mathew Ph.D in Physics from University College Dublin, Ireland,** s/o Mr. Mathew Abraham and Mrs. Anu Mathew Ampalappattu, Thiruvanvandoor. Wife : Mrs. Haritha Jacob, Thuruthekudiyil, Ramamangalam (Pharmacist and Ph.D. candidate in Ireland) He currently works as journal Specialist at Frontiers in Dublin, Ireland.

**With Best complements:**
**Amelia Ann Mathew (Daughter),**
**Dr. Allen Mathew and Sneha Allen (Dublin)**

Advt - O




28 – ാമത് അന്തർദേശീയ ക്നാനായ വനിതാ സമാജ വാർഷിക സമ്മേളനം കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു




Advt - O

# 50th Wedding Anniversary

22-01-2023




## V. C. Kuruvilla & Lizzy Kuruvilla

**Vaniamvakkal House, Mannar**

**(Flair Homes, Kochi)**

"And over all these virtues put on love, which binds them all together in perfect unity."
Colossians 3:14

*Best Wishes*

*from beloved Children and Grandchildren (US and Australia).*

Advt - O

# വിവാഹിതരായി



Advt - O

ചാന്നാനിക്കാട് സെന്റ് മേരിസ് പള്ളി ഇടവകയിൽ കട്ടയിലായ ചേലപറമ്പിൽ റെജി മാത്യുവിന്റെയും റിനാ റെജിയുടെയും മകൻ **അതുൽ തോമസ്സും** രാമമംഗലം സെന്റ് ജയിക്കബ്സ് വലിയപള്ളി ഇടവകയിൽ പള്ളിതാഴത്തു പി. ജെ. സണ്ണിയുടെയും ലിസ്സി സണ്ണിയുടെയും മകൾ **ബ്ലെസി സണ്ണി**യും തമ്മിലുള്ള വിവാഹം 29-12-2022 വ്യാഴാഴ്ച സൗകര്യാർത്ഥം ചിങ്ങവനം സെൻറ് ജോൺസ് ദയറാപള്ളിയിൽ **ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി**യുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു

# ക്ലീമീസ് സ്കൂളിന്റെ മുപ്പതാമത് വാർഷികവും ക്രിസ്തുമസ് ആഘോഷവും



Advt - O

ചിങ്ങവനം ക്ലീമീസ് സ്കൂളിന്റെ മുപ്പതാമത് വാർഷികവും ക്രിസ്തുമസ് ആഘോഷവും കെ.റ്റി തോമസ് മെമ്മോറിയൽ ഹാളിൽ 22/12/2022 വ്യാഴാഴ്ച ബഹുമാനപ്പെട്ട ഗോവ ഗവർണർ പി. എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്, സ്കൂൾ മാനേജർ ഫാ. സാജൻ സി അലക്സ് ചക്കാലയിൽ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, സ്കൂൾ ട്രഷറർ രഞ്ജു ചാക്കോ കോഴിമറ്റം, വാർഡ് കൗൺസിലർ ലിസി മണിമല, സ്കൂൾ പ്രിൻസിപ്പാൾ സിജി ജോസ്, വൈസ് പ്രിൻസിപ്പാൾ ലിഡി മേരി ചാക്കോ എന്നിവർ സമീപം.

# St Mary's Knanaya Syrian Orthodox Church

## Western Australia, Perth

### Managing committee 2022-2024



Trustee
Don Boben
Pazhoor, Kumily



Vicar
Fr. Saino Markose
Kochumangara



Secretary
George Jacob
Palapurackal, Chingavanam

### Committee Members



Sijo Abraham
Kattuvelil, Kuttoor



Tinto Chacko
Kaitholi, Eraviperoor



Sujith Abraham
Koipurathu, Aythala



Aji Sajan
Enchavelithara, Neelamperoor

Advt - O

### Vanitha Samajam co-ordinators



Mekha Chikku
Mundaplackal, Edakulam



Nisha Sijo
Kattuvelil, Kuttoor

### KYA Mentors



Namitha Freddy
Kochumalathusseril,
Chingavanam



Judy Rajesh
Chudukattil, Thiruvanvandoor

### Auditors



Rachel Sujith
Koipurathu, Aythala



Thomaskutty Kuriakose
Kizahakke Mundackal,
Thiruvanvandoor

### Sunday School coordinator



Freddy George
Kochumalathusseril,
Chingavanam

### Ex-officio



Thomas Joseph
Puthenpurackal
Ranni

Advt - O

# St Mary's Knanaya Syrian Orthodox Church

## Perth Western Australia

### Church Events 2021-2022



Advt - O

## മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ അഭിമുഖ്യത്തിൽ സമുദായത്തിലെ പ്രതിഭകളെ ആദരിക്കുന്ന അവാർഡ് വിതരണ സമ്മേളനം



മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ അഭിമുഖ്യത്തിൽ സമുദായത്തിലെ പ്രതിഭകളെ ആദരിക്കുന്ന അവാർഡ് വിതരണ സമ്മേളനം ചിങ്ങവനം ദയറാപ്പള്ളി ഓഡിറ്റോറിയത്തിൽ ജലവിഭവ വകുപ്പു മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു.




ഓതറ നസ്രേത്ത് കോളജ് ഓഫ് ഫാർമസിയുടെ ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷ പരിപാടി ESTELLE 2022 22/12/2022 വ്യാഴാഴ്ച മലങ്കര മാർത്തോമാ സഭയുടെ പരമാധ്യക്ഷൻ റവ. ഡോ. തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.



ആദരണീയനായ ഗോവാ ഗവർണർ ശ്രീ. പി.എസ്. ശ്രീധരൻപിള്ള സമുദായ ആസ്ഥാനമായ മോർ അപ്രേം സെമിനാരി സമുദായ മെത്രാപ്പോലിത്തായോടും സമുദായ നേതൃത്വത്തോടുമൊപ്പം സന്ദർശിക്കുന്നു.



ക്നാനായദീപത്തിന്റെയും
ക്ലീമിസ് പ്രസ്സിന്റെയും
ക്രിസ്തുമസ് ആഘോഷം
സമുദായ മെത്രാപ്പോലീത്തയുടെ
സാന്നിധ്യത്തിൽ
മോർ അപ്രേം സെമിനാരിയിൽ
വച്ച് നടത്തി



# 2023-ൽ ജ്ഞാനം നയിക്കട്ടെ

സുനിൽ ഡി. കുരുവിള

'ഇൻസൈറ്റ് മിഷൻ' എന്ന ഒരു എളിയ ആശയവുമായി ഏതാണ്ട് രണ്ടര പതിറ്റാണ്ടു കാലമായി ഞാൻ ഈ സമൂഹത്തിൽ പ്രവർത്തിക്കുന്നു.

ഡോ. എ.പി.ജെ അബ്ദുൾ കലാമിന്റെ 'വിഷൻ' എന്ന പ്രോജക്റ്റാണ് ഈ രംഗത്ത് പ്രവർത്തിക്കാനുള്ള പ്രചോദനമായത്. ഒരു രാജ്യത്തിന്റെ – സമൂഹത്തിന്റെ പുരോഗതി യുവതയിലൂടെ – കുഞ്ഞുങ്ങളിലൂടെ മാത്രമേ സാധ്യമാകൂ എന്ന അദ്ദേഹത്തിന്റെ തിരിച്ചറിവ് എനിക്കും പ്രോത്സാഹനമായി. കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. കുട്ടികളിൽ എന്ത് മാറ്റം വരുത്തണമെങ്കിലും അവർക്കു ചുറ്റുമുള്ള മുതിർന്നവരിൽ മാറ്റം വരുത്തിയെ സാധ്യമാവുകയുള്ളു. മാതാപിതാക്കൾ, അദ്ധ്യാപകർ, സാമൂഹിക നേതാക്കൾ, പുരോഹിതർ എന്നിവരിലൊക്കെ അർത്ഥവത്തായ കാഴ്ചപ്പാടും ദർശനവും സൃഷ്ടിക്കാതെ കുട്ടികളിൽ രൂപാന്തരം സാധ്യമല്ല. കുട്ടികളുടെ നിലവാരം കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം അവരെ നയിച്ചവരുടെ കുറവുകൾ തന്നെയാണ്. കണ്ടുപഠിക്കാൻ വലുതായൊന്നും ഇല്ല എന്നുള്ളത് ഇന്ന് കുട്ടികൾ നേരിടുന്ന സാമൂഹിക ദാരിദ്ര്യമാണ്.

"കുഞ്ഞുങ്ങളിലൂടെയാണ് ലോകത്തിന്റെ രക്ഷ
കുഞ്ഞുങ്ങളിലൂടെയാണ് ലോകത്തിന്റെ പ്രത്യാശ
കുഞ്ഞുങ്ങളാണ് ലോകത്തിന്റെ വെളിച്ചം–
നക്ഷത്രം!
ഇന്നത്തെ യുവതയുടെ വിശ്വാസമാണ് നാളത്തെ
ലോകത്തിന്റെ സമാധാനം!"

**ഇൻസൈറ്റ് മിഷന്റെ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ:**

കുഞ്ഞുങ്ങളെ സന്തോഷമുള്ളവരാക്കുക, വ്യക്തികളെ ബലപ്പെടുത്തുക, കുടുംബങ്ങളെ ശാക്തീകരിക്കുക, വിദ്യാഭ്യാസ തൊഴിൽ രംഗത്ത് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, നേതൃത്വത്തെ പരിപോഷിപ്പിക്കുക, സാമൂഹിക വിഷയങ്ങളിൽ പോസിറ്റീവ് ആയ ഇടപെടലുകൾ നടത്തുക, മാനവ ശേഷി നൈപുണ്യ വികസന രംഗത്ത് റിസോഴ്സ് ആയി പ്രവർത്തിക്കുക, മാനസിക ആരോഗ്യ രംഗത്ത് സാമൂഹിക സേവനങ്ങൾ നൽകുക...



എന്നാൽ ഒരു പക്ഷെ ഏറ്റവും കൂടുതൽ സമയം ചിലവഴിച്ചത് പ്രതീക്ഷയോടെ അല്ലെങ്കിൽ നിരാശയോടെ ഒക്കെ ഒരു ഗൈഡൻസിനായി എന്നെ ഫോണിൽ വിളിച്ച – സംസാരിച്ച എനിക്ക് നേരിട്ട് പരിചയംപോലും ഇല്ലാത്ത അനേകം മനുഷ്യരോടൊപ്പമാണ്.

വലിയ തിരക്കുകൾ ഉള്ളപ്പോൾപോലും കഴിയുന്നത്ര എല്ലാവരെയും കേൾക്കാനും മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യമെങ്കിൽ നൽകാനും ശ്രമിക്കാറുണ്ട്.

You Tube ലൂടെയും സാമൂഹിക മാധ്യമത്തിലൂടെയും ഒക്കെ പുതിയതായി കുറെയേറെ ബന്ധങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

You Tube ലും മറ്റും ഒരു സാമൂഹിക മാറ്റത്തിനും social learning നും ഒക്കെ അവസരം ഒരുക്കിയാലും അതിനോടൊക്കെയുള്ള നമ്മുടെ പ്രതികരണം നിരാശാജനകമാണ്. നമുക്ക് ചുറ്റുമുള്ള ലോകം വളരെയേറെ വെല്ലുവിളികൾ ഉയർത്തിയിട്ടും കുഞ്ഞുങ്ങളുടെയും യുവതയുടെയും ജീവിതം വളരെയേറെ സങ്കീർണ്ണമായിട്ടും നമ്മൾ ഒന്നും പഠിക്കാൻ തയ്യാറാകുന്നില്ല എന്നുള്ളത് വലിയ നിരാശ നൽകുന്ന അവസ്ഥയാണ്.

ആരാധനാലയങ്ങളും മറ്റും ഒരു സത്യസന്ധമായ അവലോകനത്തിന് തയ്യാറെടുക്കുന്നത് നന്നായിരിക്കും. കോവിഡ് കാലം കഴിഞ്ഞതോടെ കുട്ടികൾ വിശ്വാസത്തിൽ നിന്ന് ഒരുപാട് അകന്നുപോയിട്ടുണ്ട്. യുവതയെ തീരെ കാണാനില്ല... കുടുംബത്തിനുള്ളിലെ സംഘർഷങ്ങൾ വർദ്ധിച്ചു. നിരാശ ഉൽക്കണ്ഠ, മാനസിക ആരോഗ്യ പ്രശ്നങ്ങൾ തൊഴിൽ പ്രശ്നങ്ങൾ ഒക്കെ വർദ്ധിച്ചിരിക്കുന്നു. മദ്യവും മയക്കുമരുന്നും ഗെയിം അഡിക്ഷനും ഒക്കെ നമ്മുടെ ജനങ്ങളുടെ താളം തെറ്റിക്കുന്നു. വിവാഹ ബന്ധങ്ങളിലെ താളപ്പിഴകൾ തൊഴിൽ പ്രശ്നങ്ങൾ ഒക്കെ അനുദിനം സമൂഹത്തിൽ വർദ്ധിക്കുന്നു. സഭയ്ക്ക് കാഴ്ചക്കാരായി നോക്കി നിൽക്കാൻ സാധിക്കുമോ? മനുഷ്യരാണ് സഭ. ഭാരപ്പെടുന്നവന്റെയും വേദനിക്കുന്നവന്റെയും ഇടയിലേക്കാണ് സഭ യാത്ര ചെയ്യേണ്ടത്. കാണാതെ പോയവരെ കണ്ടെത്തുന്നതാണല്ലോ യഥാർത്ഥ സുവിശേഷം! അത് സാധ്യമാകണമെങ്കിൽ നമ്മുടെ കാഴ്ചപ്പാടും ദർശനവും ആചാരങ്ങൾക്കും ആഘോഷങ്ങൾക്കും അപ്പുറത്തേക്ക് സഞ്ചരിക്കേണ്ടതുണ്ട്.

**സഭയുടെ ഭാവി ഉറപ്പാക്കാൻ:**

അർഹിക്കുന്നവർക്ക് കൂടുതൽ വിഭവങ്ങൾ ഉറപ്പാക്കാം. അഴിമതിക്കെതിരെ പോരാടുക.

കുട്ടികളിൽ നിക്ഷേപിക്കുക. കുട്ടികളെ സഭയിലേക്ക് ആകർഷിക്കാനും അവരെ ചെറിയ പ്രായത്തിലെ സഭയോട് ചേർത്തു നിർത്താനും വലിയ പ്രവർത്തനങ്ങൾ വേണം.

യുവതയ്ക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക. യുവതയെ ഉയർന്ന കാഴ്ചപ്പാടുള്ളവരാക്കാനും അവരുടെ നൈപുണ്യങ്ങൾ വർദ്ധിപ്പിക്കാനും ഒക്കെ കൗൺസിലിംഗ്

ക്ലാസുകളും മറ്റും അനിവാര്യമാണ്.

കൊച്ചുകുട്ടികളുടെ മാതാപിതാക്കൾക്ക് parenting മാർഗ്ഗ നിർദ്ദേശം നൽകുക. You സന്തോഷമുള്ള കുട്ടികളെ വളർത്തിയെടുക്കാൻ നല്ല പഠനം guidance മാതാപിതാക്കൾക്ക് ആവശ്യമാണ്.

സൺഡേസ്കൂൾ അദ്ധ്യാപകർക്ക് നൈപുണ്യ പരിശീലനം നൽകുക. കാലത്തിന് അനുസരിച്ച് സൺഡേസ്കൂൾ മാറണം. അദ്ധ്യാപകർക്ക് മന:ശാസ്ത്രപരമായ പരിശീലനങ്ങളും ആവശ്യമാണ്.

പുരോഹിതന്മാർക്ക് നേതൃത്വ പരിശീലനം നൽകുക. കുട്ടികളെയും യുവജനങ്ങളെയും ഫലപ്രദമായി നയിക്കാൻ, കാലഘട്ടം ആവശ്യപ്പെടുന്ന നൈപുണ്യങ്ങൾ നേടാനൊക്കെ പരിശീലനം ഉണ്ടായേ തീരൂ.

അൽമായ നേതാക്കൾക്കും പരിശീലനം അനിവാര്യമാണ്. ഓരോ ദൈവാലയവും 'മനുഷ്യനെ പിടിക്കുന്ന' കേന്ദ്രങ്ങളായി മാറട്ടെ...

പത്തുകൊല്ലം മുമ്പുവരെ ഞാൻ മുമ്പോട്ടു വച്ച മാനവ ശേഷി വികസന കാഴ്ചപ്പാട് എതിർത്തവരും നിരുത്സാഹപ്പെടുത്തിയവരും ഇന്ന് അതിനു മുതിരും എന്ന് തോന്നുന്നില്ല. ലോകയാഥാർത്ഥ്യങ്ങൾ അത്രമേൽ നമ്മളെ പഠിപ്പിച്ചു കഴിഞ്ഞു.

'ഒരു ഫലവൃക്ഷം വയ്ക്കാനുള്ള ഏറ്റവും നല്ല സമയം 20 വർഷം മുൻപായിരുന്നു. രണ്ടാമത്തെ ഏറ്റവും നല്ല സമയം ഇന്നാണ്."

ഈ കാലമത്രയും പ്രോത്സാഹിപ്പിച്ചും അനുകൂലിച്ചും എതിർത്തുമൊക്കെ എന്നെ സഹായിച്ച എല്ലാവരോടും നന്ദി മാത്രം.

കുട്ടികളെ കൂടുതൽ സന്തോഷമുള്ളവരാക്കാൻ യുവതയെ കൂടുതൽ ലക്ഷ്യമുള്ളവരാക്കാൻ സമൂഹത്തിലെ മാനസിക ആരോഗ്യ അറിവ് വർദ്ധിപ്പിക്കാൻ ഒക്കെ കൂടുതൽ ശ്രമങ്ങൾ 2023 ൽ ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നു. 2022 നു നന്ദി!

എല്ലാ പ്രിയപ്പെട്ടവർക്കും ഐശ്വര്യ പൂർണ്ണമായ സന്തോഷവും സമാധാനവുമുള്ള ഒരു പുതു വർഷം ആശംസിക്കുന്നു. ദൈവം എല്ലാവരെയും സമൃദ്ധിയായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2023 ൽ ജ്ഞാനം നയിക്കട്ടെ!

Happy New Year 2023

(സുനിൽ ഡി കുരുവിള): കരിയർ കൗൺസിലറും മാനവശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ. 24 വർഷങ്ങൾകൊണ്ട് 4000 അതികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു.

Cell: 9656144712/ 9847400712
YouTube: Sunil Kuruvilla
Email. sunil _ kuruvilla@rediffmail.com)

## ദനഹാ പെരുന്നാൾ

**നമ്മുടെ കർത്താവിന്റെ വി. മമോദിസയുടെ ഓർമ്മ പുതുക്കി വി. സഭ.**

### 'പ്രകാശത്തിന്റെ പെരുന്നാൾ'

**നമ്മുടെ കർത്താവിന്റെ ജനനത്തോടുകൂടി ക്രിസ്തീയ സഭ ജനിച്ചു, എങ്കിൽ ശു. ദനഹാ ക്രിസ്തീയ വർഷത്തിന്റെ രണ്ടാംഘട്ടവും, പരി. ത്രിത്വത്തിന്റെ മഹത്വമേറിയ പ്രത്യക്ഷതയുടെ ദിവസവുമാണു. വി. ത്രിത്വം ഈ ദിവസത്തിൽ കാണപ്പെടുകയാൽ ഇതിനു പ്രകാശത്തിന്റെ പെരുന്നാൾ എന്നും പേർ പറയുന്നു. (ചില പ്രാദേശിക ആചാരങ്ങളാൽ പിണ്ടി പെരുന്നാളെന്നും, രാക്കുളി പെരുന്നാൾ എന്നും ഈ പെരുന്നാൾ അറിയപ്പെടുന്നു.**

## *എഡിറ്റോറിയൽ*

*(പേജ് 4 തുടർച്ച)*

സാധിക്കട്ടെ. ദൈവത്തെ ആരാധിക്കേണ്ടതിന് ദൈവാലയങ്ങൾ വേണം. പള്ളികളെ വൃത്തിയായും ഭംഗിയായും സൂക്ഷിക്കുക. ദൈവീക ധ്യാനങ്ങൾക്കു തക്കവിധത്തിൽ അലങ്കരിക്കുക. ആരാധനകൾ ഭംഗിയായി നടത്തുക. ഇടവകാംഗങ്ങൾ എല്ലാവരും ആരാധനയിൽ സംബന്ധിക്കുക. ധ്യാനയോഗങ്ങൾ നടത്തി ജനത്തെ ഉത്ബുദ്ധരാക്കുക. എന്നിങ്ങനെയുള്ള കാര്യങ്ങൾ ഏതു പള്ളിയുടെയും ചുമതലക്കാർ ചെയ്തിരിക്കണം. മൃതശരീരങ്ങൾ കബറടക്കാൻ മാത്രമല്ല, പാപത്തിൽ മരിച്ച ോഅനേകരേയും ജീവിപ്പിക്കാൻകൂടി പള്ളി മുഖാന്തിരമാകണം.

എന്ന്
**നിങ്ങളുടെ റോയി അച്ചൻ**

## *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

Unconditional Love കൂടുതൽ ശക്തമാകേണ്ടതുണ്ട്. അതിലൂടെ മാതാപിതാക്കളും, കുഞ്ഞുങ്ങളും തമ്മിലുള്ള വിടവുകൾ ഇല്ലാതാക്കി പരസ്പരം പ്രചോദന കേന്ദ്രമായി കുടുംബങ്ങൾ ആയിത്തീരണം. ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ കരോൾ ഗാനമത്സരങ്ങൾ ഹാദൂസോ, ശാന്ത രാത്രി ഇവ നടത്തുകയുണ്ടായി. ഇതിൽ വിജയിച്ചവരെയും, പങ്കെടുത്ത എല്ലാ ഇടവകകളെയും അനുമോദിക്കുന്നു. ഇത് സംഘടിപ്പിച്ച ക്നാനായ കോൺഗ്രസ് ഭാരവാഹികളെ അനുമോദിക്കുകയും ചെയ്യുന്നു.

പുതുവർഷം ദൈവാനുഗ്രഹത്തോടെ ആയിരിക്കുവാൻ സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

## *സമുദായ വാർത്തകൾ*

*(പേജ് 7 തുടർച്ച)*

അസ്സോസിയേഷൻ മീറ്റിംഗുകൾക്കെതിരേയും കേസുകൾ കൊടുത്തിട്ടുണ്ട്. ഈ കേസുകൾ നടത്തിക്കൊണ്ട് പോകുവാൻ ക്നാനായ കമ്മിറ്റിയ്ക്ക് ഭാരിച്ച പണം ചിലവഴിക്കേണ്ടി വരുന്നു. ഈ പണമെല്ലാം സമുദായത്തിന്റെ ഗുണപരമായ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചിലവഴിക്കേണ്ട തുകകളാണ്. കേസുകളുടെ വിവരങ്ങൾ സമുദായ അംഗങ്ങൾ ആവശ്യപ്പെട്ടാൽ അറിയിക്കുന്നതാണ്. ഈ പുതുവർഷത്തിലെങ്കിലും ദൈവം അവർക്കു സൽബുദ്ധി കൊടുത്ത് കേസുകളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും പിന്മാറുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രിയമുള്ളവരെ വീണ്ടും വീണ്ടും ക്നാനായ കമ്മറ്റി പറയുന്നു നമ്മുടെ സമുദായത്തിലെ വിഷയങ്ങൾ നമുക്ക് പറഞ്ഞു തീർക്കാം. അതിനുള്ള മനസ്സ് ബന്ധപ്പെട്ടവർ കാണിക്കുക. കമ്മറ്റി എപ്പോഴും വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കുന്നതിന് തയ്യാറാണ്. 2023 പുതുവർഷം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയും വർഷമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ദൈവം അനുഗ്രഹിക്കട്ടെ
ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

*(കഴിഞ്ഞ ലക്കം തുടർച്ച)*

# ഏകാന്തതയുടെ അപാരത

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

ലൗകീക നേട്ടങ്ങൾ കൊയ്തെടുക്കുവാനുള്ള വ്യഗ്രതയിൽ മറ്റു മനുഷ്യർ യാന്ത്രികമായി ജീവിതം ആസ്വദിക്കുവാനാകാതെ ഇരിക്കപ്പൊറുതിയില്ലാതെ പരക്കം പായുമ്പോൾ, ബ്രഹ്മസത്യമറിഞ്ഞവർ എല്ലാം തികഞ്ഞവരായി ആത്മനിറവിൽ സന്തുഷ്ടരാവുന്നു. നശ്വരമായ ഈ ലോകത്ത് അവർക്കൊന്നും തന്നെയില്ലെങ്കിലും ഉള്ളതുകൊണ്ട് ഓണംപോലെ ആത്മീയ ആഘോഷത്തിന്റെ അനശ്വര സമ്പാദ്യം നേടി സന്തോഷം പരിപൂർണ്ണതയിൽ അനുഭവിക്കുന്നു. ബ്രഹ്മലയനത്തിൽ പരിപൂർണ്ണത കൈവരിക്കുന്നു. അവർ ഏകാന്തതയിൽ സ്വർഗ്ഗം അനുഭവിച്ചറിയുന്നു. ദൈവത്തെ രുചിച്ചറിയുന്നു.

മോഹങ്ങളെ അതിജീവിച്ചവർ സർവ്വഗുണസമ്പന്നരായിരിക്കും. അവരെ ആർക്കും ഒരിക്കലും തോൽപ്പിക്കുവാൻ കഴിയുകയില്ല. അത്യാഗ്രഹി എന്നും ദരിദ്രനായിരിക്കും. എത്ര സമ്പാദ്യം ഉണ്ടാക്കിയാലും; അവന് തൃപ്തിവരികയില്ല. അവന്റെ നേട്ടങ്ങൾ അപൂർണ്ണമായിരിക്കും. എത്ര ധനം വാരിക്കൂട്ടിയാലും, തനിക്കൊന്നുമില്ല, ഒന്നുമായിട്ടില്ല, ഇനിയുമൊത്തിരി വേണം എന്ന അപൂർണ്ണതയുടെ, ഇല്ലായ്മയുടെയും, വല്ലായ്മയുടെയും ദരിദ്ര ചിന്തകൾ അവനെ വേട്ടയാടും. അരക്ഷിതാവസ്ഥയും, അരാജകത്വവും നിറഞ്ഞ് ലോകപ്രകാരം എല്ലാം ആവശ്യത്തിലധികം ഉണ്ടെങ്കിലും, ഒന്നുമില്ലാത്ത ദരിദ്രവാസിയെപ്പോലെ ഒന്നും നേടാനാവാതെ അവൻ വെറുതെ ഒരു പാഴ്ജന്മമായി ജീവിച്ചു മരിക്കും.

ലൗകീക മോഹങ്ങളെ വെല്ലുന്ന ആത്മീയ സമ്പത്തിന്റെ ലഹരി നിറഞ്ഞവർ എന്നും സന്തുഷ്ടിയുടെ, നിത്യജീവന്റെ ബലം അനുഭവിച്ചു ജീവിക്കും. 'അവർക്ക് ജീവിക്കുന്നതു ക്രിസ്തുവും, മരിക്കുന്നതു നേട്ടവും' ആയിരിക്കും. അവർക്കു മോക്ഷം ലഭിക്കും. അവരുടെ ആശ്രയ ബോധം അവരുടെ ഉള്ളിലെ പരാമാത്മാവിനോടായിരിക്കും. അവർ ഭൂമിയിലുള്ള യാതൊന്നിനെയും മനസ്സുകൊണ്ടുപോലും ആശ്രയിക്കില്ല.

ബാഹ്യമായും, ആന്തരികമായും സ്വാതന്ത്ര്യബോധമില്ലാതെ മനുഷ്യർ പലർക്കും പലതിനും അടിമയാകുന്നു. പരാശ്രയബോധം മനുഷ്യരെ ബലഹീനരാക്കുന്നു. സ്വയംപര്യാപ്തത, സ്വാശ്രയ ബോധം, പരമാത്മബോധം ഇവ മനുഷ്യരെ സ്വതന്ത്രരാക്കും.

സ്വാതന്ത്ര്യബോധം അമൃത്പോലെ വ്യക്തിത്വ വികസനത്തിനും ജീവിത ഉയർച്ചയ്ക്കും, നന്മയ്ക്കും നേട്ടങ്ങൾക്കും നിമിത്തമാകുന്നു.

പാരതന്ത്ര്യം മൃതിയേക്കാൾ ഭയാനകം. അവരുടെ ജീവിതം മരണതുല്യം യാതനകളായിരിക്കും.

ആത്മജ്ഞാനം കൂടുന്തോറും സ്വാതന്ത്ര്യം, ലാഘവം കൂടും. ഒന്നിനോടും മമതയില്ലാതെ, detachment മോചനം അനുഭവിക്കുന്നവർക്ക് ലോക ബന്ധനങ്ങളുടെ കെട്ടുകൾ ഉണ്ടാകില്ല. ചേമ്പിലയിൽ വെള്ളം വീഴുമ്പോൾ തങ്ങി നിൽക്കാതെ, ഉരുണ്ടു വീണടർന്നുപോകുംപോലെ ലോകമായ അവരെ ബാധിക്കാതെ കടന്നു പോകുന്നു. 'Every thing is Temporary thoughts, emotion, people and scenery . Do not become attached , just flow with it'. എന്നൊരു സന്തോഷത്തിന്റെ സൂത്രവാക്യം ആരോ എഴുതിയത് ഓർക്കുന്നു.

ബാഹ്യലോകവുമായുള്ള ആസക്തി വെടിഞ്ഞ് ഏകാഗ്രതയോടെ, ഏകാന്ത മൂകധ്യാനത്തിലൂടെ ഉള്ളിലുള്ള പരമാത്മാവിനെ ശക്തിപ്പെടുത്തണം. ബൈബിളിൽ പറഞ്ഞിരിക്കുന്നത് ''അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തുവിൻ'' എന്നാണ്.

ഇവിടെ ദൈവവിശ്വാസം ആത്മവിശ്വാസമാകുന്നു. ആത്മാന്വേഷണത്തിലൂടെ ആത്മനിറവിൽ അവനവനെ തിരിച്ചറിഞ്ഞ് സഹായിക്കുക. നമ്മെ നമുക്കു മാത്രമെ സ്വയമറിഞ്ഞു സഹായിക്കുവാനാകൂ. എന്നെങ്കിലും പുറത്തുനിന്നൊരു രക്ഷകൻവന്നു സഹായിക്കും എന്ന മിഥ്യാവിശ്വാസ സങ്കൽപ്പത്തിൽ ജീവിതം പാഴാക്കി നരകിക്കാതെ, സ്വയം സംരക്ഷിക്കുക. സ്വയം സഹായിക്കുക. പോസിറ്റീവ് അഫിർമേഷനുകളിലൂടെ സ്വയം അനുഗ്രഹിക്കുക. നിന്റെ രക്ഷകൻ വസിക്കുന്നത് നിന്റെ ഉള്ളിന്റെ ഉള്ളിലാണ്. പുറത്തല്ല. ഉള്ളറകളിൽ കണ്ടെത്തുന്ന തിരിച്ചറിവിനെയും, സന്തോഷ സമ്പത് സമൃദ്ധികളെയും ആർക്കും മോഷ്ടിക്കുവാനാകില്ല. അവനവന്റെ ഉള്ളിൽ സമ്പാദ്യം നിക്ഷേപിക്കുക. അവിടെയാണ് സ്വർഗ്ഗരാജ്യം ഉണരുന്നത്. അതു നമ്മെ നിത്യതയോളം പിന്തുടരുന്നു. അതു അനശ്വരമാണ്. ഈ ലോകത്ത് നേടുന്നതെല്ലാം എപ്പോൾ വേണമെങ്കിലും നഷ്ടപ്പെടാം. മരിക്കുമ്പോൾ ഈ ലോക സമ്പാദ്യം ഒന്നും കൊണ്ടുപോകാനാവില്ല. സ്വർഗ്ഗരാജ്യം എന്ന മഹാധനം ഉള്ളറിഞ്ഞ് ഉള്ളിലുണർത്തി വർദ്ധിപ്പിക്കുന്നവർക്ക് ജീവിക്കുന്നതും മരിക്കുന്നതും സ്വർഗ്ഗതുല്യമായിരിക്കും. പുറമെയുള്ള വിഷയങ്ങളിൽനിന്നും ലഭിക്കുന്ന സന്തോഷവും, ചിരിയും നേട്ടവുമെല്ലാം അവസരത്തിനൊത്തു മാറിമറിയാം, അതിനു സ്ഥിരതയില്ല. യഥാർത്ഥമല്ല. ലോകഇമ്പങ്ങൾ വെറും മിഥ്യാ ബോധമാണ്. പുറമെയുള്ള യാതൊന്നിനാലും ബാധിക്കപ്പെടാത്ത ആത്മ സന്തോഷത്തിന്റെ നീരുറവ ഉള്ളിന്റെ ഉള്ളറകളിൽനിന്നും വരണം. അത് ആത്മശക്തിയാണ്, ആത്മ വിശ്വാസമാണ്. ആത്മസ്നേഹമാണ്, ആത്മീയ കരുതലാണ്. (Self trust, self Love, self confidence and self respect). സകല ബുദ്ധിയേയും, ശക്തിയേയും കവിയുന്ന ദൈവീക സമാധാനം, സംതൃപ്തി കരുത്ത് നിന്റെ ഉള്ളിലാണ്. സ്വയം സംരക്ഷിച്ചു, സ്നേഹിച്ച്, അംഗീകരിച്ചു, ബഹുമാനിപ്പിച്ച് സ്വന്തം ആത്മാവിനെയറിഞ്ഞു സ്നേഹിക്കുന്നവൻ, പരിശുദ്ധാത്മാവിൽ ഉത്തേജിപ്പിച്ചുണർത്തുന്നവനെ തോൽപ്പിക്കുവാനോ, സ്വാധീനിക്കുവാനോ, വഴി തെറ്റിക്കാനോ ലോകത്ത് ഒരു ശക്തിക്കും കഴിയില്ല.

അവനവനെയറിഞ്ഞു സ്നേഹിക്കുന്നവൻ സകലത്തിലും

മതിയായവനായിരിക്കും. അവന് ഒന്നിനും കുറവുണ്ടാവില്ല. അവന് ഒന്നിനെയും ഭയപ്പെടേണ്ട കാര്യമില്ല. മറ്റുള്ളവരുടെ ഇടപെടലുകളില്ലാതെ, ബാഹ്യ സ്വാധീനമില്ലാതെ 'എന്നെ' 'ഞാൻ' സംരക്ഷിക്കുന്നത് ഏകാന്തതയിലാണ്. എന്നോടുള്ള എന്റെ കരുണയും കരുതലും പ്രകടമാകുന്നത് ഏകാന്ത തയിലാണ്. എന്നെക്കുറിച്ചെല്ലാമറിയുന്ന സുഹൃത്തും ബെസ്റ്റ് കമ്പനിയും വഴികാട്ടിയും ഞാൻ തന്നെ. മറ്റാരെക്കാളും എന്നെ നന്നായി തിരിച്ചറിഞ്ഞു പഠിക്കുന്നത് ഞാൻ തന്നെ യായതുകൊണ്ട്, എനിക്ക് കൈത്താങ്ങായി, തളരാതെ, എന്നെ കരുത്തുറ്റതാക്കുവാൻ എനിക്കു മാത്രമെ കഴിയൂ. എന്റെയുള്ളിലെ പരിശുദ്ധാത്മാവിനെ അടുത്തറിഞ്ഞു ണർത്തി ബലപ്പെടുത്തി എന്റെ കരുത്തും, ആത്മ സംരക്ഷ ണവുമാക്കുന്നത് എന്റെ ഏകാന്ത ധ്യാനമാണ്. ഏകാന്തത യിലുള്ള സ്വയം തിരിച്ചറിയലാണ്, തിരിച്ചറിവാണ്.

ക്രിസ്തു എന്ന ഏക ആത്മാവിൽ എല്ലാവരും ഒന്നാണ് (ഗലാ. 3:27). എല്ലാവരും ഒന്നായിരിക്കുന്ന ഭിന്നതകളോ, വേർതിരിവുകളോ, വലിപ്പച്ചെറുപ്പങ്ങളോ, ഏറ്റക്കുറച്ചിലോ, ജാതി, മത, വർഗ്ഗ, വർണ്ണ, ലിംഗ വ്യത്യാസങ്ങളോ ഒന്നുമി ല്ലാതെ ഒന്നായി ഏക ആത്മാവായിരിക്കുന്ന അവസ്ഥ ഭൂമിയെ സ്വർഗ്ഗമാക്കുന്ന ഏറ്റവും മഹനീയമായ അവസ്ഥ. നശ്വരമായ ലോകം അഹങ്കാര ബോധമുളവാക്കുന്നതുകൊണ്ടാണ് എല്ലാം പലതായി തോന്നി, ഭിന്നത (ദ്വയം) ഉളവാക്കുന്നത്. അതു ലോകമായയുടെ കളിയാണ്. മായയെ അതിജീവിച്ച വർക്ക് ദേഹബോധമില്ല. അവർക്ക് ആത്മബോധമെയുള്ളൂ. മായയെ അതിജീവിച്ചവരെ ജഡത്തിന്റെ പ്രവൃത്തികൾ മോഹങ്ങൾ സ്വാധീനിക്കില്ല. അവർ ലോകത്തെയും, ശരീര ത്തിന്റെ പ്രവണതകളെയും, മനസ്സിനെയും ലോക ചിന്തക ളെയും ജയിച്ചവരായിരിക്കും. ലോകത്തെ ജയിച്ചവർ ആത്മാ വിനെ അറിയുന്നു. പരമാത്മാവിലലിഞ്ഞ് ഒന്നാവുന്നു. ക്രിസ്തുവിൽ എല്ലാവരും ഒന്നായി മാറുന്ന (ഗലാ. 3:27) ശാശ്വ തമായ, അനശ്വരമായ അദ്വൈതാവസ്ഥയിലെത്തിച്ചേരുന്നു. അതാണ് ശാശ്വതമായ സത്യം. ഇവിടെ രണ്ടില്ല ഒന്ന് (ഏ കം) മാത്രം. ആ തിരിച്ചറിവാണ് ഏകാന്തതയുടെ അപാരത. അത് തിരിച്ചറിയണമെങ്കിൽ ഏകം (ഒന്ന്) അറിയണം.

ദേഹരൂപികൾ വ്യത്യസ്തത ഉളവാക്കും. ആത്മാവിനു രൂപമില്ല. ആത്മാവ് (അണുത്വം) Subtle level- ൽ കടന്നു ചെല്ലുന്നു. Ego ഇല്ലാത്തവർക്ക് സൂക്ഷ്മലോകം അനുഭവി ച്ചറിയാം. ആത്മാവിന് രൂപം ഇല്ല. അവിടെ എല്ലാവരും ക്രിസ്തു എന്ന ഏക ആത്മാവിൽ ഒന്നാണ്. ശരീരത്തിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ ആത്മീയന് സർവ്വ വ്യാപിയായ ആത്മാവിന്റെ ഏകത്വം, അമരത്വം അനുഭവിച്ചറിയാം.

എല്ലാം ഒന്നായി, ഒന്നിച്ചു കാണുവാനുള്ള (ഏകം) കഴി വാണ് ഏകാന്തതയുടെ അപാരത. ക്രിസ്തുവിന്റെ ബ്രഹ്മച ര്യം, സന്ന്യാസ ജീവിതം, ആത്മത്യാഗം, ഏകാന്തബലിയി ലൂടെ കാലഘട്ടത്തെ നവീകരിക്കുവാനും അപരന് സ്നേഹ വിരുന്നൊരുക്കുവാനും, ദൈവാത്മാവിൽ ഭിന്നതകളില്ലാതെ ഐക്യപ്പെടുവാനും കഴിഞ്ഞു. 'അന്യന്റെയാധികൾ സ്വന്തം ആത്മാവിലാവാഹിച്ച് അന്യനിൽ ഈശ്വരനെ കാണുന്ന ഭാവ മാണ് ദൈവസ്നേഹം (Agape)'.

മറ്റുള്ളവരുടെ പ്രയാസങ്ങൾ, ആധി വ്യാധികൾ, കുറവു കൾ, വേദനകൾ, ബലഹീനതകൾ സ്വന്തം മനസ്സിലും, ശരീ രത്തിലും ഏറ്റെടുത്തു സ്വന്തം പ്രശ്നമായി കണ്ട് തന്മയീ ഭാവത്തോടെ (Empathy), അവനവന്റെ പ്രശ്നങ്ങൾപോലെ പരിഹരിച്ച്, പ്രതിവിധി കണ്ടെത്താൻ ഏകാന്ത ധ്യാനങ്ങൾ ഉൾക്കാഴ്ചയും, ഉൽക്കരുത്തും നൽകുന്നു. സമസ്ത ലോക ത്തിനും ഒരുപോലെ സുഖമരുളുന്ന സമ്പൂർണ്ണ ഐക്യവും, സമാനതയും, ഏകതബോധവുമാണ് (Universal one ness), ഏകാന്തതയിലുള്ള ധ്യാനത്തിന്റെ ഇച്ഛാശക്തി അപാരമാക്കി മഹത്തരമാക്കുന്നത്.

# ക്നാനായ ദീപം അറിയിപ്പുകൾ

പ്രിയ വായനക്കാരെ,

കോവിഡ് കാലത്തിനുശേഷം 2022 സെപ്തംബർ മുതൽ വിദേശത്തേയ്ക്ക് ക്നാനായദീപം മാസിക അയയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. കുടിശ്ശിഖ ഉള്ളവർ ദയവായി കുടിശ്ശിഖ അയയ്ക്കണം. അല്ലാത്ത പക്ഷം മാസിക അയയ്ക്കുകയില്ല. വിദേശത്തേയ്ക്ക് മാസിക അയയ്ക്കുന്നതിന് ഇപ്പോൾ പോസ്റ്റൽ ചാർജ് വളരെ കൂടുതലാണ്. ഓൺലൈൻ കോപ്പി മതിയെങ്കിൽ ദീപത്തിന്റെ Whats app No. 8547584440 ൽ അഡ്രസും, ഈ-മെയിലും നിങ്ങളുടെ Email or Whats app No. അയച്ചു തരിക.

ഓൺലൈനായി കുടിശിഖയും പരസ്യചാർജുകളും അയ്ക്കാവുന്നതാണ്. കുടിശിഖ അറിയാൻ അഡ്രസ്സ് Whats app No. 8547584440 ൽ അയയ്ക്കുക. എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥി ക്കുന്നു

എന്ന്

**Ac/No. 57004254154**
**Chief Editor andMg Editor**
**Knanaya deepam**
**SBI Chingavanam**
**IFSC SBIN 0070128**

**മാനേജിംഗ് എഡിറ്റർ**
Ph: 9447563240, 8547584440
Email: kna.deepam@gmail.com

**Knanayadeepam**
**Ac/No. 12990200001178**
**Federal Bank**
**Chingavanam**
**IFSC FDRL 0001299**

# പോട്ടെ......സാരമില്ല........

പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്, മള്ളൂശ്ശേരിൽ, റാന്നി

"പോട്ടെ, സാരമില്ല" ഈ രണ്ടു വാക്കുകൾ ഒറ്റയ്ക്കൊറ്റയ്ക്കോ, ഒന്നിച്ചോ കേൾക്കാൻ ഇഷ്ടപ്പെടുന്നവരാണ് നാം എല്ലാവരും. പ്രത്യേകിച്ച് ഒന്നെടുത്തു പറഞ്ഞാൽ ഈ വാക്കുകൾ കേൾക്കാൻ കൊതിക്കുന്നവരാണ് ഭാര്യമാർ. സത്യത്തിൽ ഇതിന്റെ അഭാവമാണ് കുടുംബത്തിൽ അരാജകത്വം സൃഷ്ടിക്കുന്നത്. ഈ വാക്കുകൾ കേൾക്കുന്ന ഭാര്യമാരാണ് ഭൂരിപക്ഷവും. എന്നാൽ കേൾക്കാൻ കൊതിക്കുന്ന ന്യൂനപക്ഷവുമുണ്ട്. ആ ന്യൂനപക്ഷത്തെക്കുറിച്ചു പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഒന്നും മനഃപൂർവ്വം അല്ല, സ്നേഹം ഇല്ലാഞ്ഞിട്ടോ പരിഗണന കൊടുക്കാഞ്ഞിട്ടോ അല്ല. ചില സ്വഭാവവിശേഷങ്ങൾ എന്നേയുള്ളൂ. നല്ലതു കണ്ടാൽ പറയാൻ മറക്കുന്നു. നന്മ കണ്ടാൽ അംഗീകരിക്കുന്നില്ല. തിന്മ കണ്ടാൽ പർവ്വതീകരിക്കുന്നു. വലിയ ക്രിമിനൽ കുറ്റമൊന്നും ആയിരിക്കില്ല. പാചകത്തിലെ ചെറിയ പാകപ്പിഴയോ മറ്റോ ആകാം. പക്ഷെ, അത് എവിടെവരെ കൊണ്ടെത്തിക്കുമെന്നോ? ക്ഷമിക്കാനോ....സഹിക്കാനോ... വഹിക്കാനോ ആരും തയ്യാറാവില്ല. തനിക്ക് ലഭിക്കാത്ത സാന്ത്വന വാക്കുകൾ, സാന്ത്വന സ്പർശനം...... ഈ പ്രശ്നത്തെ ആളിക്കത്തിക്കും. ഇരുകൂട്ടരെയും ഭരിക്കുന്നത് അഥവാ വികാരം കൊള്ളിക്കുന്നത് രണ്ടു വ്യത്യസ്ത കാരണങ്ങളാണ്. യഥാർത്ഥ കാരണം പങ്കുവയ്ക്കാതെ തുറന്നു പറയാതെ രണ്ടുപേരും കയർക്കും. കുടുംബാന്തരീക്ഷം തകിടം മറിയും. കുഞ്ഞുങ്ങളെ അതു ബാധിക്കും. പ്രതിവിധി ഒന്നേയുള്ളൂ "പോട്ടെ സാരമില്ല" എന്ന രണ്ടു നല്ല വാക്കുകൾ... യഥാസമയം പ്രയോഗിക്കുക.

ആത്മാംശം ചേർത്ത് ഈ ലേഖനം തയ്യാറാക്കുന്നതാണ് ഉചിതമെന്നു തോന്നി. കാരണം ഈ വിഷയത്തിൽ നിന്നും വ്യത്യസ്തരായി ആരും ഉണ്ടാവണമെന്നില്ല. ഉദാഹരണയോഗ്യമായിട്ടുള്ള എത്രയെത്ര നിമിഷങ്ങൾ എന്റെ ജീവിതത്തിലും ഉണ്ടായിട്ടുണ്ട്. സാരവും നിസ്സാരവുമായ തെറ്റുകൾ വരുത്തിയിട്ട് തിരുത്താൻ ആവാതെ വ്യാകുലതയോടെ, ഇനി എന്തായിരിക്കും വരാൻ പോകുന്നത് എന്നോർത്ത് ആകുലപ്പെട്ടിട്ടുണ്ട്. ഒരു വലിയ അഗ്നിപർവ്വതം എന്റെ മുൻപിൽ പുകഞ്ഞു പുകഞ്ഞു പൊട്ടിത്തെറിക്കാറായി നിൽക്കുന്ന തോന്നൽ ഉണ്ടായിട്ടുണ്ട്. നിമിഷങ്ങൾ നീങ്ങുംതോറും മനസ്സിന്റെ ഭാരം ക്രമാതീതമായി വർദ്ധിച്ചു വരും. പക്ഷെ ഒരു നിമിഷം കൊണ്ട് ആ അഗ്നിസ്ഫുലിംഗം കേവലം മുത്തുമണികളായി ഒഴുകിത്തുടങ്ങും. പരസ്പരം ആശയങ്ങൾ കൈമാറിക്കഴിയുമ്പോൾ തെറ്റ്, ശരി ഇവ മനസ്സിലാക്കിക്കഴിയുമ്പോൾ അത് അംഗീകരിക്കാനോ, പരിപാലിക്കാനോ ഉള്ള അപര്യാപ്തത മനസ്സിലാക്കി കഴിയുമ്പോൾ ഒരൊറ്റ വാക്ക് "പോട്ടെ സാരമില്ല....." നമ്മൾ ഒക്കെ സാധാരണ മനുഷ്യരല്ലെ ഒരു അനുബന്ധ വാചകം കൂടിയാകുമ്പോൾ എല്ലാം ശരിയായി. ഒരു വലിയ അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് എന്റെ മേൽ പതിച്ച് ഞാൻ ഭസ്മമായിത്തീരുമെന്ന് കരുതിയിരുന്ന അവസ്ഥയിൽ നിന്നുമാറി അഴകൊടിഴ ചേർന്നൊഴുകുമൊരു പുഴപോൽ ഒഴുകി, വീണ്ടും ജീവിതം ഇതു തിരിച്ചും പ്രാവർത്തികമാകാം. ഭാര്യയ്ക്കു മാത്രമായിട്ടുള്ളതല്ല, ഇപ്പറഞ്ഞ ആകുലത, ഭർത്താവിനും ഉണ്ട്. പ്രത്യേകിച്ച് ഈ പുതുയുഗത്തിൽ ഭാര്യയിൽ നിന്നും ഒരു സാന്ത്വന വാക്കു കേൾക്കാൻ ആഗ്രഹിക്കുന്ന ഭർത്താക്കന്മാരുണ്ട്. "പോട്ടെ, സാരമില്ല'' ജീവിതമായാൽ അങ്ങനെയൊക്കെയാ- ഇതൊന്നും കാര്യമാക്കേണ്ട നമുക്കു നമ്മുടെ കാര്യം നോക്കി ജീവിക്കാം. പോട്ടെ, സാരമില്ല.

കുടുംബ ജീവിതത്തിൽ മാത്രമല്ല, സമൂഹത്തിലെ വിവിധ മേഖലകളിൽ കണ്ടു വരുന്ന ഒരു പ്രതിഭാസമാണിത്. അദ്ധ്യാപകരിൽ നിന്ന് വിദ്യാർത്ഥികൾക്ക് ഇങ്ങനെയൊരു സാന്ത്വനവാക്കു ലഭിച്ചാൽ ആ കുട്ടി ഏറ്റവും സന്തുഷ്ടനാകും എന്നു മാത്രമല്ല, ആ ഒരു നിമിഷം ഒരു പുതിയ വഴിത്താര-വിജയത്തിന്റെ വഴിത്താര അവനുവേണ്ടി തുറക്കപ്പെടുകയും ചെയ്യും. ജീവിതത്തിൽ ഉന്മേഷം പ്രാപിക്കാനും, ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാനും, തെറ്റുകൾ വീണ്ടും വരുത്താതെ സ്വയം നിയന്ത്രിക്കാനും ഉള്ള ഒരു കരുത്ത് അവൻ ആർജ്ജിക്കും.

നമ്മുടെ ലോകഗുരുവിന് - ആത്മീയ ഗുരുവിന് നമ്മോട് ഉണ്ടായിട്ടുള്ള സമീപനവും ഇതുതന്നെയാണ്. വളരെ വ്യക്തമായി വി. വേദപുസ്തകത്തിൽ, യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ ഈ സത്യം പരാമർശിക്കുന്നുണ്ട്. "പോക ഇനി പാപം ചെയ്യരുത്" എന്നു പറഞ്ഞ് യേശു തമ്പുരാൻ അവളെ സമാധാനമായി തിരിച്ചയച്ചു. യോഹന്നാന്റെ സുവിശേഷം 5-ാം അദ്ധ്യായം 14,15 വാക്യങ്ങളിൽ പരാമർശിക്കുന്നതും ഇതേ ആശയം തന്നെയാണ്. നിത്യരോഗിയായിരുന്ന ഒരുവനെ സൗഖ്യമാക്കിയ യേശു തമ്പുരാൻ പറയുന്നു,"നോക്കൂ നിനക്ക് സൗഖ്യമായല്ലോ അധികം തിന്മയായത് ഭവിക്കാതിരിക്കാൻ ഇനി പാപം ചെയ്യരുത്" യേശു തമ്പുരാൻ ഒരു സമാധാനമായ വാക്കു നൽകിയാണ് തെറ്റുചെയ്തവരോട് ക്ഷമിച്ചത്. അതേ പാത പിൻതുടരാൻ നമുക്കും ശ്രമിക്കാം. അതാണല്ലോ ദൈവഹിതം.

"സാരമില്ല" എന്ന വാക്ക് സ്നേഹത്തിന്റെയും ആശ്വാസത്തിന്റെയും കരുത്തുള്ള വാക്കായി മാറുന്ന നിമിഷങ്ങളുണ്ട്. "എല്ലാം ശരിയാകും" എന്ന പ്രതീക്ഷയോടെ വെളിച്ചം പകരുന്ന വാക്ക്. നമ്മോടും, നമ്മുടെ ഉറ്റവരോടും ഇടയ്ക്കൊക്കെ പറയാം, "പോട്ടെ സാരമില്ല എല്ലാം ശരിയാകും"

# ഭൂമിയിലെ സ്വർഗ്ഗവും നരകവും

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

പുതുവർഷത്തിൽ പുത്തൻ പ്രതീക്ഷകളുടെ സ്വപ്നങ്ങളിലേയ്ക്ക് ലോകം ചുവടുവയ്ക്കുകയാണ്. കഴിഞ്ഞുപോയ വർഷമാകുന്ന പുസ്തകത്തിന്റെ അവസാനതാളും കാലത്തിന്റെ ചവറ്റുകൊട്ടയിൽ മറഞ്ഞു. സുഖദുഃഖങ്ങളാകുന്ന സ്വർഗ്ഗവും നരകവും സൃഷ്ടിക്കുന്ന ശില്പികൾ മനുഷ്യൻ തന്നെയാണ്. ഒരിക്കൽ വിദ്യാസമ്പന്നനായ ഒരു വ്യക്തി നരകത്തെയും സ്വർഗ്ഗത്തെയും കുറിച്ച് പ്രസംഗിക്കുന്നത് വിദ്യാഭ്യാസ യോഗ്യത സമ്പാദിച്ചിട്ടില്ലാത്ത ഒരു ഗുരു കേൾക്കുവാനിടയായി. മറ്റു കേൾവിക്കാർക്കൊപ്പമിരുന്നു ആ പ്രസംഗം മുഴുവൻ കേട്ട ഗുരു ഒടുവിൽ അയാളോടു ചോദിച്ചു. 'നിങ്ങൾ സ്വർഗ്ഗവും നരകവും എങ്ങനെയാണുണ്ടാകുന്നതെന്നു കണ്ടിട്ടുണ്ടോ'? ഉത്തരം പറയാനാവാതെ കുഴങ്ങി നിന്ന അയാളോടു ഗുരു പറഞ്ഞു ബോദ്ധ്യം വന്നതേ പറയാവൂ. വരു ഞാൻ നിങ്ങൾക്ക് സ്വർഗ്ഗനരകങ്ങൾ ഉണ്ടാകുന്നതെങ്ങനെയെന്നു കാണിച്ചു തരാം. അതുകേട്ട് ആ പ്രസംഗകനും അവിടെ കൂടിയിരുന്ന ജനങ്ങളും ഗുരുവിനെ പിന്തുടർന്നു. അവർ ഒരു മാന്തോട്ടത്തിനു നടുവിലുള്ള പഴക്കമേറിയ ഒരു കെട്ടിടത്തിലെത്തിച്ചേർന്നു. അവിടെ ഇടതുഭാഗത്തുള്ള ഒരു ഹാളിൽ കുറെ മനുഷ്യർ അന്യോന്യം കലഹിച്ചും ശപിച്ചും നിരാശപ്പെട്ടും വിശന്നു കിടക്കുന്നുണ്ടായിരുന്നു. അവരുടെ കൈകളെല്ലാം ഓരോരോ കോലുകളിൽ കെട്ടിവെയ്ക്കപ്പെട്ടിരുന്നതിനാൽ അവർക്കാർക്കും തന്നെ സ്വന്തം കൈകൾ മടക്കാനാവുമായിരുന്നില്ല. ആ ഹാളിന്റെ മദ്ധ്യത്തിലായി ഒരു വലിയ പാത്രത്തിൽ നിറയെ ആ തോട്ടത്തിൽ നിന്നുള്ള നല്ല മാധുര്യമുള്ള മാമ്പഴം നുറുക്കി വെച്ചിട്ടുണ്ടായിരുന്നു. കൈമടങ്ങാത്തതിനാൽ ഒരു മാമ്പഴക്കഷണം പോലും സ്വയമായെടുത്തു ഭക്ഷിക്കാൻ സാധിക്കാതെ വിശന്നു കഴിയുന്ന അവരെ കണ്ടിട്ട് ഗുരു പറഞ്ഞു ഇതാണ് നരകം. ഇതാകട്ടെ ഇവർ മാത്രം ഉണ്ടാക്കിയതാണ്.

അതിനുശേഷം അതേ കെട്ടിടത്തിന്റെ വലതുഭാഗത്തുള്ള മറ്റൊരു ഹാളിലേയ്ക്ക് ഗുരു അവരെ കൂട്ടിക്കൊണ്ടു പോയി. അതിനുള്ളിലും കുറെ മനുഷ്യരുണ്ടായിരുന്നു. അവരുടെ കൈകളും ഓരോരോ കോലുകളിൽ ബന്ധിക്കപ്പെട്ടിരുന്നു. അവിടെയും മാമ്പഴനുറുക്കുകൾ നിറച്ച പാത്രം ഉണ്ടായിരുന്നു. എന്നാൽ അവർ എല്ലാവരും ഉന്മേഷവാന്മാരും സന്തോഷവാന്മാരുമായിരുന്നു. കാരണം അവർക്കാർക്കും വിശപ്പുണ്ടായിരുന്നില്ല. അവർ ഓരോരുത്തരും തങ്ങളുടെ കൈകളിൽ ബന്ധിക്കപ്പെട്ടിരുന്ന കോലിൽ മാമ്പഴം കോരിയെടുത്തു മറ്റുള്ളവരുടെ നാവിലേയ്ക്ക് വച്ചുകൊടുക്കുന്ന കാഴ്ച ഗുരു എല്ലാവരെയും കാണിച്ചുകൊടുത്തു. എന്നിട്ടു പറഞ്ഞു 'ഇതാണ് സ്വർഗ്ഗം". ഇതുപോലെയാണ് നമ്മുടെ ലോക ജീവിതവും. എല്ലാം എല്ലാവർക്കുമായി ദൈവം സൃഷ്ടിച്ചിരിക്കുന്നു. അതു മുഴുവൻ സ്വന്തമാക്കാനാഗ്രഹിച്ചു പ്രവർത്തിക്കുന്നവൻ നരകവും, പങ്കുവെക്കുവാൻ ആഗ്രഹിച്ചു പ്രവർത്തിക്കുന്നവൻ സ്വർഗ്ഗവും തീർക്കുന്നു. ഈ ലളിത പാഠം ഉൾക്കൊള്ളുവാൻ വിദ്യാഭ്യാസ യോഗ്യത മാത്രം പോരാ. അതിനപ്പുറം ഒരുമയുടെ മാനവിക ജ്ഞാനം കൂടിവേണം.

ഈ ലോകത്തിൽ സ്വർഗ്ഗവും നരകവും സൃഷ്ടിക്കുന്നത് മനുഷ്യന്റെ പ്രവർത്തിയും, മനോഭാവവുമാണ്. What you sow, so you reap" (നീ വിതച്ചതു നീ കൊയ്യും) എന്ന സുപ്രസിദ്ധമായ ബൈബിൾ വാക്യം നമ്മെ അനുസ്മരിപ്പിക്കുന്നതും ഈ തത്വമാണ്. കാഞ്ഞിരത്തിൻ കുരുനട്ടിട്ട് ഓറഞ്ച് ഫലം പ്രതീക്ഷിക്കാമോ? സുഖവും ദുഃഖവും നാം തന്നെ വരുത്തുന്നു. ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ഗുരുവിനോട് ചോദിച്ചു സ്വർഗ്ഗത്തിലെപ്പോലെ സന്തോഷം ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്. ഗുരു മറുപടി പറയാതെ ഒരു തൂണിൽ കെട്ടിപ്പിടിച്ചു. എന്നെ വിടൂ എന്നെ വിടൂ എന്ന് നിലവിളിക്കുവാൻ തുടങ്ങി. അപ്പോൾ ശിഷ്യൻ പറഞ്ഞു ഗുരു എന്തു വിഡ്ഢിത്തമാണ് കാണിക്കുന്നത്. നിങ്ങളാണ് തൂണിനെ കെട്ടിപ്പിടിച്ചിരിക്കുന്നത്. അല്ലാതെ തൂണല്ല നിങ്ങളെ പിടിച്ചിരിക്കുന്നത്. അപ്പോൾ ഗുരു പറഞ്ഞു നിങ്ങളുടെ ചോദ്യത്തിനുള്ള ഉത്തരവും ഇതുതന്നെയാണ്. സന്തോഷവും സമാധാനവും ബാഹ്യമായ എന്തിലോ ആണെന്നാണ് നമ്മിൽ ഭൂരിഭാഗവും വിചാരിച്ചിരിക്കുന്നത്. നിങ്ങൾക്ക് മോക്ഷം ലഭിക്കണമെങ്കിൽ മുക്തി ലഭിക്കണമെങ്കിൽ അത് നിങ്ങളിൽ തന്നെയാണെന്ന് ആദ്യം മനസ്സിലാക്കണം. തൂണിൽ പിടിച്ചിരിക്കുന്ന നിങ്ങൾക്ക് മറ്റാരുമല്ല താൻ തന്നെയാണ് തൂണിൽ പിടിച്ചിരിക്കുന്നത് എന്ന ഒറ്റ തിരിച്ചറിവുണ്ടാകുന്ന നിമിഷം സ്വതന്ത്രനാകാൻ കഴിയും. പലപ്പോഴും നമ്മുടെ ദുഃഖങ്ങൾക്കും പ്രയാസങ്ങൾക്കും കാരണം മറ്റുള്ളവരാണ് എന്നാണ് നാം വിചാരിക്കുന്നത്. "താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താനനുഭവിച്ചീടുകെന്നെ വരു". സൽപ്രവൃത്തി നന്മയുടെയും (സ്വർഗ്ഗം) ദുഷ്പ്രവർത്തി തിന്മയുടെയും (നരകം) ഫലങ്ങൾ തരും. ഈ തത്വപ്രകാരം സ്വർഗ്ഗവും നരകവും പണിയുന്നത് നാം തന്നെയാണ്. നാം ഒരു തെറ്റു ചെയ്തു എന്നു നമുക്കു ബോദ്ധ്യമായാലും ഒരു അഭിഭാഷകനെപ്പോലെ വാദിച്ച് തെറ്റിനെ ശരിയാക്കാൻ ശ്രമിക്കും. അതേ തെറ്റു മറ്റൊരാൾ ചെയ്താലോ ഒരു ന്യായാധിപനെപ്പോലെ നാം അയാൾക്കെതിരെ വിധിയെഴുതും.

"അവനവനാത്മ സുഖത്തിനാചരിക്കു
ന്നവയപരനു സുഖത്തിനായ് വരേണം"

മറ്റുള്ളവർക്കുകൂടി സന്തോഷത്തിനിടയാക്കുന്ന കർത്തവ്യത്തിലൂടെ മാത്രമേ ഓരോരുത്തർക്കും ആത്മസുഖം ലഭിക്കൂ. വൃക്ഷലതാദികളുടെ വേരുകൾ നനവിനുവേണ്ടി എങ്ങോട്ടെങ്കിലുമൊക്കെ നീളുന്നതുപോലെയാണ് മനുഷ്യൻ മറ്റുള്ളവരുടെ സഹായം തേടുന്നത്. You cannot be happy unless others are also happy എന്ന ഉദാത്തമായ ചിന്ത മനസ്സിലുണ്ടാകുമ്പോൾ സ്വർഗ്ഗത്തിന്റെ പ്രതീതി ഉണ്ടാകുന്നു. ഇന്ന് സമൂഹത്തിൽ അഴിമതി കൈക്കൂലി സ്വജനപക്ഷപാതം എന്തിന് കാര്യസാദ്ധ്യത്തിനായി നരബലിപോലും നടത്തി പ്രാചീന ഗുഹാ മനുഷ്യനെപോലും നാണിപ്പിക്കു

# ഹാദൂസ്സോ 22



ക്നാനായ കോൺഗ്രസ്സിന്റെ "ഹാദൂസ്സോ 22" ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. അനീഷ് റ്റി. സി. തകിടിയിൽ, ഫാ. തോമസുകുട്ടി മങ്ങാട്ട്, ഫാ. ജേക്കബ് കല്ലുകുളം, തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ബാബു മടക്കുംമൂട്ടിൽ, സിബി തോപ്പിൽ, റെജി മൂലംകുളം എന്നിവർ സമീപം.

## *ഭൂമിയിലെ സ്വർഗ്ഗവും നരകവും*

*(പേജ് 20 തുടർച്ച)*

ന്നതരത്തിൽ സമൂഹം നരക തുല്യമായി അധഃപതിച്ചിരിക്കുന്നു. ഓരോ ദിവസവും പത്രദൃശ്യമാധ്യമങ്ങൾ പുറത്തുവിടുന്ന മനഃസാക്ഷി മരവിപ്പിക്കുന്ന വാർത്തകൾ സമൂഹത്തിന്റെ ജീർണ്ണതയിലേക്കു വിരൽചൂണ്ടുന്നു. കുറ്റം ചെയ്താലും പിടിക്കില്ല എന്ന വിശ്വാസം പിടിക്കപ്പെട്ടാലും രക്ഷപെടുത്താൻ സഹായികൾ ഏറെയുണ്ടെന്ന ചിന്ത. ശിക്ഷിക്കപ്പെട്ടാലും നാമമാത്രമെന്ന ഉറപ്പ് ഒക്കെ തെറ്റുകൾക്കു വളം വിതറുന്നു. സമൂഹത്തിൽ എല്ലാവരും ധർമ്മിഷ്ഠരോ, സത്യസന്ധരോ അല്ല. ധാർമ്മികത കാത്തു സൂക്ഷിക്കുന്നവരുമുണ്ടാകാം. പക്ഷേ അവരുടെ എണ്ണം കുറവാണ്. പൂക്കൾക്കു മണവും മാധുര്യമുള്ള തേനും അവയ്ക്കുള്ളിൽ നിന്നു തന്നെ ലഭിക്കുന്നു. എന്നാൽ മനുഷ്യനു സുഗന്ധലേപനങ്ങൾ പൂശിയാലേ മണം ലഭിക്കൂ എന്ന അവസ്ഥയാണ്. സദാസമയവും നമ്മുടെ ശ്രദ്ധ മറ്റുള്ളവരിലാണ്. നാം നമ്മളെ നിരീക്ഷിക്കുന്നത് എത്രയാണെന്ന് സ്വയം വിശകലനം ചെയ്തു നോക്കിയാൽ മനസ്സിലാകും. നമുക്ക് മറ്റുള്ളവരെക്കുറിച്ച് കൂടുതൽ അറിവും നമ്മെക്കുറിച്ച് അറിവ് തുച്ഛവും. മനുഷ്യൻ സ്വയ വിശകലനത്തിനു തയ്യാറായാൽ നരകാവസ്ഥയിൽ നിന്നും സ്വർഗ്ഗാവസ്ഥയിലേക്കു ചരിക്കാൻ നമുക്കു സാധിക്കും. മറ്റുള്ളവർക്കു ആശ്വാസം പകരുന്ന പ്രവർത്തികളിലൂടെയും വാക്കുകളിലൂടെയും പുഞ്ചിരിയിലൂടെയും സുഗന്ധവാഹകരാകാൻ നമുക്കു സാധിക്കട്ടെ.

## കാർഷിക മേഖലയിൽ നിന്നുള്ള കേരളത്തിലെ ആദ്യത്തെ ഗിന്നസ് വേൾഡ് റെക്കോർഡ് ലഭിച്ച റെജി ജോസഫിന് അഭിനന്ദനങ്ങൾ.



ആഗ്രഹ് (AGRH) ഓൾ ഗിന്നസ് റെക്കോർഡ് ഹോൾഡേഴ്സ് സംസ്ഥാന പ്രസിഡന്റ് ഗിന്നസ് സത്താർ ആദൂർ, സെക്രട്ടറി സുനിൽ ജോസഫ്, കോഡിനേറ്റർ അശ്വിൻ വാഴുവേലിൽ എന്നിവർ ചേർന്ന് സമ്മാനിച്ചു.114 സെന്റമീറ്റർ നീളവും 94 സെന്റിമീറ്റർ വീതിയുമുള്ള ചേമ്പില സ്വന്തമായി ഉൽപ്പാദിപ്പിച്ചതിനാണ് റെജി ജോസഫിന് ഗിന്നസ് വേൾഡ് റെക്കോർഡ് ലഭിച്ചത്. റാന്നി സെന്റ് തോമസ് ക്നാനായ വലിയ പള്ളിയിൽ കടക്കേത്ത് കുടുംബാംഗമാണ്. ഗിന്നസ് വേൾഡ് റെക്കോർഡ് ലഭിച്ച ആദ്യ ക്നാനായക്കാരനാണ്

# "കോലം മാറിയ ലോകം"

 റ്റി. കെ. തോമസ്, തൈകുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

വാർത്താ മാദ്ധ്യമങ്ങളിൽ സമീപകാലത്ത് വായിക്കാനിടയായ ഒരിക്കലും സംഭവിച്ചുകൂടാൻ പാടില്ലാത്തതും എന്നാൽ നിർഭാഗ്യവശാൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ, ലോകം എവിടേക്കുപോകുന്നു എന്നു നമ്മെ ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. കാമുകി, കാമുകന് പാനീയത്തിൽ വിഷം ചേർത്തു നൽകി അപായപ്പെടുത്തുക. കാമുകിയെ കാമുകൻ കഴുത്തറുത്തുകൊല്ലുക, ഭർത്താവ് ഭാര്യയെ അടിച്ചുകൊല്ലുക, മകൻ അപ്പനെ തലക്കടിച്ചുകൊല്ലുക. പന്ത്രണ്ടു വയസ്സുകാരി ഏഴുപേരാൽ ബലാൽസംഗം ചെയ്യപ്പെട്ട് കൊല്ലപ്പെടുക, പെറ്റതള്ള തന്റെ പിഞ്ചു കുഞ്ഞിനെ റെയിൽപാളത്തിൽ കിടത്തി ട്രെയിൻ കയറ്റി കൊല്ലുക, തുടങ്ങി കേട്ടാൽ അറയ്ക്കുന്ന മനുഷ്യത്വരഹിതമായ പ്രവർത്തികൾ, ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷമുള്ള ഈ കേരളത്തിൽ നടക്കുന്നത് കേരളീയർ ലജ്ജയോടെ കാണേണ്ടി വരുന്നു. മുമ്പൊരിക്കലും കേട്ടുകേൾവിയില്ലാത്ത തരത്തിലുള്ള ക്രൂരകൃത്യങ്ങൾ ചെയ്തുകൂട്ടുന്ന കുറ്റവാളികളെ സംരക്ഷിക്കുവാനും അവർക്കുവേണ്ട ഒത്താശകൾ ചെയ്തു സഹായിക്കുവാനും രാഷ്ട്രീയ പാർട്ടികളും, കോടതികളിൽ ഇവർക്കുവേണ്ടി എന്തു കള്ളത്തരവും വിളമ്പി, കുറ്റവാളികളെ കുറ്റ വിമുക്തരാക്കുവാൻ നട്ടെല്ലു പണയപ്പെടുത്തിയിട്ടുള്ള അഭിഭാഷകരും കൈയ്യിൽ അല്പം പണം ഉണ്ടെങ്കിൽ ആരെയും കൊലപ്പെടുത്തുകയോ, എന്ത് ഹീന പ്രവർത്തികൾ ചെയ്തുകൂട്ടുകയോ ചെയ്താലും, അതിൽ നിന്നൊക്കെ അനായാസേന രക്ഷപെട്ട്, സമൂഹത്തിൽ മാന്യനായി വിലസുന്നതിനുള്ള സാഹചര്യവും ഇന്ന് ഇവിടെ നിലനിൽക്കുന്നു. മരവിച്ച മനസ്സുമായി മനുഷ്യൻ ഇന്നു ജീവിക്കുമ്പോൾ നന്മതിന്മകളെക്കുറിച്ചുള്ള അവന്റെ ബോധ്യം അവന് എവിടെയോ, കൈമോശം വന്നിരിക്കുന്നു എന്നു തോന്നിപ്പോകുന്നു. മനുഷ്യൻ ആത്മീയതയുടെ ഉത്തുംഗശൃംഗത്തിൽ നില്ക്കുന്നു എന്ന് അഭിമാനിക്കുന്ന ഈ കാലഘട്ടത്തിലാണ് ഇത്രയേറെ വൈകൃതങ്ങളായ പെരുമാറ്റങ്ങൾ മനുഷ്യരിൽ നിന്നുണ്ടാകുന്നത് എന്നത് ഏറെ ദുഃഖകരം. സകല ജാതിമതസ്ഥരും, അവരവരാൽ കഴിയും വിധം അവരവരുടെ മതവിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിക്കുവേണ്ടി ധ്യാനങ്ങളും, കൺവൻഷനുകളും, ബോധവൽക്കരണങ്ങളും, മതപ്രഭാഷണങ്ങളും മറ്റും നടത്തി മനുഷ്യനെ നേർവഴിയിലേക്കും, നന്മയിലേക്കും നയിക്കുവാൻ ആവോളം ശ്രമിക്കുമ്പോഴാണ്, ഈ ക്രൂരകൃത്യങ്ങൾ ഒക്കെ അരങ്ങേറുന്നത് എന്ന് ഓർക്കണം.

ദൈവത്തെ ഭയവും, മനുഷ്യനെ ശങ്കയും ഉണ്ടാകേണ്ട സ്ഥാനത്ത്, സ്വാർത്ഥതയെ പുൽകുകയും, അന്യനെ ആക്രമിക്കുകയും ചെയ്യുക എന്ന മനോവികാരത്തിലേക്ക് മനുഷ്യൻ ഇന്ന് എത്തിനില്ക്കുന്നു. അപ്പാടെ കോലം മാറിയ ഒരു ലോകത്താണ് ഇന്നു നാം ജീവിക്കുന്നത് എന്നു തോന്നുവാൻ കാരണങ്ങൾ പലതാണ്. ഒരു കാലത്ത് ഗുരുക്കന്മാരെ ദൈവതുല്യം ബഹുമാനിച്ചിരുന്നു വിദ്യാർത്ഥികൾ, ഇന്ന് അങ്ങനെ ഒന്നും കാണാനില്ല. ആചാര്യന്മാരെ ബഹുമാനിച്ചിരുന്ന ഒരു കാലഘട്ടം മുമ്പ് ഉണ്ടായിരുന്നു അതും ഇന്നു വിരളം. മാതാപിതാക്കളെ ബഹുമാനിക്കുകയും, അനുസരിക്കുകയും ചെയ്തിരുന്ന ഒരു തലമുറ. ഉണ്ടായിരുന്നു അതും ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. പിതാവിനെ ശില്പി എന്നു സംബോധന ചെയ്യുന്ന ഒരു തലമുറ. ഇന്ന് മാതാപിതാക്കൾ ഒരു ബുദ്ധിമുട്ടായി കണക്കാക്കുന്നു. സമൂഹത്തിൽനിന്നും നന്മ തിന്മകൾ തിരിച്ചറിഞ്ഞിരുന്ന ഒരു കാലഘട്ടം മുമ്പുണ്ടായിരുന്നു. മറ്റുള്ളവരെ നോക്കി പഠിക്കുകയും ചിലരെ മാതൃകയാക്കുകയും ചെയ്തിരുന്ന ഒരു തലമുറയുണ്ടായിരുന്നു, ഇന്ന് മറ്റുള്ളവരെ കേൾക്കാൻ പുതിയ തലമുറ കൂട്ടാക്കുന്നില്ല എന്നതല്ലെ സത്യം. കമ്പ്യൂട്ടർ യുഗം വന്നതോടെ എല്ലാം ഗൂഗിൾ പറഞ്ഞു തരും എന്ന കാഴ്ചപ്പാടിലേക്ക് പുത്തൻ തലമുറ മാറിയിരിക്കുന്നു. മൊബൈലിലൂടെയും, ഗൂഗിൾ സേർച്ചിംഗിലൂടെയും ആവശ്യത്തേക്കാൾ ഏറെ അനാവശ്യങ്ങളിലേക്ക്, മനുഷ്യന്റെ മനസ്സും, ചിന്തയും വഴി തിരിക്കപ്പെടുന്നു. പരിണിത ഫലമോ ഏറെ വൈകൃതങ്ങളിലേക്ക് തലമുറ നിപതിക്കുന്നു. ഇന്നത്തെ തലമുറയുടെ എല്ലാ അപചയങ്ങൾക്കും കാരണം അവരവരുടെ തീരുമാനങ്ങൾ ശരി എന്ന നിഗമനത്തിലേക്ക് സ്വയം എത്തിച്ചേരുന്നതിലാണ്. ഒരു കാര്യം ചെയ്യുകയോ, പ്രവർത്തിക്കുകയോ, ചെയ്യും മുമ്പ് മൂന്നുവട്ടം ആലോചിക്കുകയും, പക്വതയുള്ളവരോട് വരും വരാഴികകളെക്കുറിച്ച് ആലോചിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ദൈവം മനുഷ്യനെ നല്ലവനായി സൃഷ്ടിച്ചു, മനുഷ്യൻ തന്റെ പ്രവർത്തിയിൽ വഷളനായി, ദൈവത്തിന് എന്തു ചെയ്യാൻ കഴിയും. ദൈവം മൂകമായി ഓരോ ഹൃദയത്തോടും പറയുന്നു, പറഞ്ഞുകൊണ്ടിരിക്കുന്നു മകനെ പാപം ചെയ്യരുത്, നീ ചെയ്യുന്ന ഓരോ പാപവും നിന്റെ സൃഷ്ടാവിന്റെ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുന്നു എന്ന് നീ മറക്കുന്നുവോ?

## ശുഭചിന്തകൾ

**മനുഷ്യന്റെ മനസ്സ് തെറ്റിലേക്ക് കൂടുതൽ ചാഞ്ഞു പോകുന്നത് മോശം ചിന്തകൾ കൊണ്ടാണ്. ദുഷിച്ച ചിന്തകളെ നന്മയുള്ള സമീപനം കൊണ്ട് പ്രതിരോധിക്കാൻ കഴിയുന്നവർ ചെയ്യുന്ന കർമ്മങ്ങൾ ഏറ്റവും മികവുറ്റതായിരിക്കും.**

# ഏവൻഗേലിയോൻ ദീപം



റവ. ഫാ. സീതൾ എബ്രഹാം മണിമലേത്ത്

## ദനഹായ്ക്കു ശേഷം മൂന്നാം ഞായർ
## വി. യോഹ. 3:1 – 12 (22 – 01 – 2023)

ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ചുള്ള യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിന്റെ വളരെ കാതലായ ഒരു ഭാഗമാണ് ഈ വേദഭാഗം. പരീശപ്രമാണി, ഉപദേഷ്ടാവ്, സന്നിദ്രിം സംഘാംഗം എന്നീ ഉന്നത പദവികൾ അലങ്കരിക്കുന്നവനാണ് നിക്കോദിമോസ്. നീ ദൈവത്തിന്റെ അടുക്കൽ നിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്ന് ഞങ്ങൾ അറിഞ്ഞിരിക്കുന്നു ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന അടയാളങ്ങൾ പ്രവർത്തിക്കുവാൻ കഴിയുകയില്ല. (യോഹ.3:2) അവന്റെ പ്രഖ്യാപനം ഇവിടെ പ്രസക്തമാണ്. യേശുവിന്റെ പ്രവർത്തനത്തിൽ കൂടി നിക്കോദിമോസ് യേശുവിനെ മനസ്സിലാക്കുന്നു. യേശുവും നിക്കോദിമോസും തമ്മിലുള്ള സംഭാഷണത്തിന്റെ രണ്ടാംഘട്ടത്തിൽ യഥാർത്ഥ വിശ്വാസത്തിനാവശ്യമായ മാനദണ്ഡങ്ങൾ യേശു നിരത്തുന്നു. യഥാർത്ഥ വിശ്വാസം എന്നത് യേശുവിൽ ജീവിക്കുക എന്നുള്ളതാണ്. ആത്മാവും സത്യവും ജീവനുമായ യേശുവിങ്കലേക്കുള്ള വീണ്ടും ജനന പ്രക്രിയയുടെ അഥവാ പുതിയ സൃഷ്ടിയുടെ അനുഭവത്തിലേക്ക് വിരൽ ചൂണ്ടുന്നു. ക്രിസ്തീയ മാമോദീസ യേശുവിലുള്ള പുതുജനനമാണ്. ഈ അനുഭവത്തിൽ നിലനിൽക്കുന്നതിന് പ്രാർത്ഥനയിൽ കൂടിയും വി. കുർബ്ബാനയിൽ കൂടിയും ശക്തി പ്രാപിക്കണം. അവൻ നമ്മെ മുദ്രയിട്ടു ആത്മാവ് എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നിരിക്കുന്നു (2 കൊരി 1:22). ആത്മാവിന്റെ ഇഷ്ടപ്പെട്ട ജീവിതത്തിൽ ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. (ഗലാ.5:17). സത്യത്തെ അന്വേഷിക്കുന്ന നിക്കോദിമോസ് യേശുവിന്റെ അടുക്കൽ വന്നപ്പോൾ വലിയൊരു തിരിച്ചറിവിലേക്ക് മാറുന്നു. ഈ മനോഭാവം വളർത്തിയെടുക്കുവാൻ നാം പരിശ്രമിക്കണം. യേശുവിന് വിധേയപ്പെടണം. എങ്കിലേ ഇത് സാധ്യമാവൂ. ദൈവത്തിൽ വിധേയപ്പെട്ട് ജീവിക്കുമ്പോൾ ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിക്കുവാൻ കഴിയും. വിശുദ്ധീകരിക്കപ്പെട്ട നിർമ്മല ജലത്താലും വി. മൂറോൻ തൈലത്താലും അഭിഷേകം പ്രാപിച്ചവരായ നാം ദൈവാനുരൂപമായ ജീവിതത്തിലൂടെ ആത്മീകതയിലേക്ക് ഉയരുന്നു. യഥാർത്ഥ സത്യന്വേഷകനായി യേശുവിന്റെ അടുക്കൽ വന്നപ്പോൾ മാത്രമാണ് നിക്കോദിമോസിന് ഉയരത്തിൽനിന്നുള്ള ജ്ഞാനം കിട്ടിയത്. കൂടുതൽ ഉൾക്കാഴ്ചക്കായി നമുക്ക് നമ്മെ തന്നെ എളിമപ്പെടുത്താം. സങ്കോചം കൂടാതെ യേശുവിനെ ഹൃദയത്തിൽ സ്വന്തമാക്കിയവൻ യേശുവിനുവേണ്ടി പരീശപ്രമാണികളോടു വാദിക്കുന്നു, കർത്താവിന്റെ ശവസംസ്ക്കാരം നടത്തുന്നു. ജീവിതത്തിൽ ക്രൂശിതന് സാക്ഷ്യം വഹിക്കുന്നവനു മാത്രമേ വിശ്വാസത്തിന്റെ നിദർശനമായി തീരുവാനും നിത്യജീവനു അവകാശിയാകാനും കഴിയൂ. ആരെങ്കിലും ഈ ലോകത്തിൽ ജ്ഞാനി എന്നു വിചാരിക്കുന്ന പക്ഷം യഥാർത്ഥ ജ്ഞാനിയാകേണ്ടതിനു തന്നെതന്നെ ഭോഷനാക്കട്ടെ. (1. കൊരി. 8:18).

## ദനഹായ്ക്കു ശേഷം നാലാം ഞായർ
## വി. മർക്കോ. 6:1 – 16 (29 – 01 – 2023)

യേശുതമ്പുരാന്റെ സ്വന്ത പട്ടണമായ നസ്രത്തിൽവച്ച് നടക്കുന്ന ഒരു സംഭവമാണ് പ്രതിപാദ്യവിഷയം. തങ്ങൾക്കു സുപരിചിതനായ തച്ചൻ (മരപ്പണിക്കാരൻ) അവതരിപ്പിച്ച പ്രബോധനങ്ങൾ അവർക്കു സ്വീകാര്യമായില്ല. സ്വന്തജനത്തിന്റെ അവിശ്വാസവും നിക്ഷേധാത്മക നിലപാടുമാണ് ഇവിടെ അവതരിപ്പിക്കുന്നത്. യേശുവിനെ ഉൾക്കൊള്ളുവാനുള്ള മാനസിക പക്വത ജനങ്ങൾക്കില്ല. ഒരു ഗുരുവായി യേശുവിനെ കാണുവാൻ അവർക്കായില്ല യേശു അവർക്ക് സുപരിചിതനാണ്. അവന്റെ മാതാപിതാക്കളെയും മറ്റും അറിയാം. അവരൊന്നും വലിയ പേരും പെരുമയുമില്ലാത്തവരാണ്. അങ്ങനെയുള്ള കുടുംബത്തിൽനിന്നും വന്ന യേശുവിനെ ഉൾക്കൊള്ളാൻ പ്രയാസം. ഈ ഭാവം പുതിയ അറിവിനായി ഹൃദയം തുറക്കുന്നതിൽ നിന്നും അവരെ തടയുന്നു. തൊഴിലിന്റെയും കുടുംബത്തിന്റേയും ചുറ്റുപാടിൽ വ്യക്തിയെ സമൂഹം വിലയിരുത്തുന്നു. ഇപ്പോഴും തുടരുന്നു. എന്നാൽ സാധാരണക്കാരിൽ മഹത്വം നല്കി അവരെ ശ്രേഷ്ഠരാക്കി തീർക്കുന്ന കഥകൾ പുതിയ നിയമത്തിലും പഴയ നിയമത്തിലും വ്യക്തികളിലൂടെ പ്രവർത്തിച്ച രക്ഷാകരപദ്ധതിയിൽ കാണുന്നു. ജീവിതത്തിലെ അവഗണനയുടെയും മാറ്റി നിർത്തലിന്റേയും അധിക്ഷേപങ്ങളുടെയും ഇടയിലൂടെ പിതാവിന്റെ ഇഷ്ടം നിറവേറ്റിയതാണ് ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യം. മുൻവിധികളും പരിഹാസങ്ങളും വിശ്വാസമില്ലായ്മയും ദൈവകൃപ സ്വീകരണ വഴിയിൽ ഒരു വിലങ്ങു തടിയാണ്.

സ്വന്തമെന്നു കരുതുന്ന ഇടങ്ങൾ ചില സമയങ്ങളിൽ സമാശ്വാസം നൽകണമെന്നില്ല. സ്വദേശത്തും ബന്ധുജനങ്ങളുടെയിടയിലും സ്വഭവനത്തിലുമല്ലാതെ മറ്റെങ്ങും പ്രവാചകൻ അവഗണിക്കപ്പെടുന്നില്ല. ശിഷ്യത്വ ജീവിതത്തിൽ നിരാശകളെയും പ്രതിസന്ധികളെയും മറികടക്കാൻ ഈ ക്രിസ്തു അനുഭവം നമ്മെ സഹായിക്കും.

അപരന്റെ നല്ല പ്രവർത്തനങ്ങളെ ദൂരെനിന്നു നോക്കിക്കാണുകയും അവയ്ക്കു പ്രോത്സാഹനം നൽകുകയും വേണം. ദൈവാത്മാവിന്റെ നിറവും ബോധ്യവും ഇല്ലാതെ പോകുമ്പോൾ സന്ദേശങ്ങൾ ജീവനില്ലാത്തതും പ്രവർത്തനങ്ങൾ കരുത്തു നശിച്ചതുമാകുന്നു. വിശ്വാസത്തോടുള്ള ആത്മാർത്ഥമായ ജീവിതം നയിച്ച് തങ്ങളുടെ സാന്നിദ്ധ്യം മുഖാന്തരം ക്രിസ്തീയ ചൈതന്യം പ്രസരിപ്പിക്കുന്ന ജീവിത സാക്ഷികളാവണം. ദൈവാനുഗ്രഹങ്ങൾക്ക് ആവശ്യം വിശ്വാസമാണ്. വിശ്വാസം എന്നത് ഹൃദയം തുറന്നുള്ള സ്വീകരിക്കലാണ്. ക്രിസ്തുവിനെ സ്വീകരിക്കാൻ തയ്യാറാവണം. നസ്രത്തുകാർക്കു സംഭവിച്ച അപകടം ഒരു പക്ഷെ നമുക്കും സംഭവിക്കും. വിശ്വാസം നഷ്ടപ്പെടുത്താതെ ഒരുങ്ങുക.

ദൈവസ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. ക്രിസ്തുവിനെ സ്വീകരിക്കാൻ ഹൃദയവാതിലുകൾ തുറക്കാം. അപ്പോൾ കൂടുതൽ അനുഗ്രഹം പ്രാപിച്ചെടുക്കാം.

## കൊഹനെ ഞായർ
## വി. മത്തായി. 24:42-51 (05-02-2023)

വാങ്ങിപ്പോയ സകല വൈദികരെയും അനുസ്മരിക്കുന്ന ഞായർ. ദൈവ കല്പനകളെ ശിരസാ വഹിച്ച് ദൈവജനത്തെ സത്യവഴിയിലൂടെ നയിക്കുവാൻ ശുഷ്കാന്തി കാട്ടിയവരാണ് പുരോഹിതന്മാർ. "നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ' (എബ്രാ.13:7). ആദ്ധ്യാത്മികമായ അത്യുന്നതിയും, ഉത്കൃഷ്ട ജീവിതവും മുഖമുദ്രയാക്കിയ പുരോഹിത ശ്രേഷ്ഠരുടെ സ്മരണ നമ്മുടെ സ്മൃതി പഥങ്ങളിൽ മങ്ങാതെ പരിരക്ഷിക്കപ്പെടേണ്ടതുണ്ട്. നമ്മെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ആദ്ധ്യാത്മിക വളർച്ചക്ക് അവർ നല്കിയ സംഭാവനകളെ ഓർത്ത് ദൈവത്തിന് നന്ദി പറയുകയും വേണം.

ജീവിതത്തിന്റെ ധന്യമായ വിജയത്തിന് നിതാന്ത ജാഗ്രതയോടുകൂടിയ പ്രവർത്തനം കാഴ്ച വയ്ക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇന്നത്തെ വേദഭാഗം നയിക്കുന്നു.

വിശ്വസ്തനും വിവേകിയുമായ ദാസന്റെ പ്രത്യേകത എന്നു പറയുന്നത് അവൻ ഉണർന്നിരിക്കുന്നവനാണ്. ഏറ്റെടുത്തിരിക്കുന്ന ദൗത്യം ഉത്സാഹത്തോടെ ചെയ്യുക എന്നുള്ളതാണ്. വിശ്വാസം കർത്താവിലും വിവേകം ഇഹലോക ജീവിതത്തിലും പുലർത്താനായാൽ ഒരു വൈദികന്റെ ജീവിതം നല്ല ഓർമ്മ ആയിരിക്കും. മോശയും ഏലിയായും ദൈവസന്നിധിയിൽ വിശ്വസ്തരായിരുന്നു. ദൈവം പറയുന്നത് കേൾക്കുക, ദൈവത്തിനുവേണ്ടി മനുഷ്യരുടെ ഇടയിൽ താമസിക്കുക, അവരെ ലോകത്തിൽ നയിക്കുക ഇതായിരുന്നു അവരുടെ ജീവിതവും നിയോഗവും. വിവേക പൂർവ്വമായുള്ള ഇടപെടലിലൂടെ ആടുകളെ ആപത്തിൽ നിന്നും സംരക്ഷിക്കുവാൻ ഇവർക്കു സാധിച്ചു.

തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കുവാൻ നിയോഗിക്കപ്പെട്ടവനാണ് ദാസൻ. തന്നെ ഏൽപിച്ച ആടുകളെ വിശ്വസ്തതയോടുകൂടി പരിപാലിക്കുന്നവനാണ്. ദൈവവചനത്തിന് വിശ്വാസത്താൽ പ്രകാശം നൽകി ക്രിസ്തുവിന്റെ ജീവൻ ജനത്തിനു നൽകാൻ തിരഞ്ഞെടുക്കപ്പെട്ടവരാണ് പുരോഹിതന്മാർ. പുരോഹിതൻ- മുമ്പിൽ നിൽക്കുന്നവൻ - പഴയനിയമ പുസ്തകത്തിൽ ദൈവജനം യോർദ്ദാൻ നദി കടക്കേണ്ടിവന്നപ്പോൾ അവർക്കു മുമ്പായി നിൽക്കുവാനും, നദിയുടെ നടുവിൽ വാഗ്ദത്ത പേടകവുമായി നിലയുറപ്പിക്കുവാനും ഇടയായപ്പോൾ സുരക്ഷിതരായി യാത്ര ചെയ്യുവാൻ ദൈവ മക്കൾക്ക് കഴിഞ്ഞു. വിശ്വസ്തനും ബുദ്ധിമാനുമായ ദാസനെ യജമാനൻ അംഗീകരിക്കുന്നു. ചെറിയ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്തവനെ കൂടുതൽ കാര്യങ്ങൾ ഭരമേല്പിക്കുകയും യജമാനനോടുകൂടെ ചേർക്കപ്പെടുകയും ചെയ്യുന്നു. കർതൃശരീര രക്തങ്ങൾ ആഘോഷിച്ച് അവ ജനത്തിനു വിഭജിച്ചുകൊടുത്ത് ആത്മീയ നവോത്ഥാനത്തിനു കളമൊരുക്കുന്ന വലിയൊരു കർത്തവ്യമാണ് ഒരു വൈദികന് ലഭ്യമാകുന്നത്. പൂർവികരായ പിതാക്കന്മാരെ ഓർക്കുകയും അവർ നൽകിയ പാഠങ്ങളെ ജീവിതത്തിൽ അനുവർത്തിക്കുകയും ചെയ്ത് നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അല്പകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ വലിയ കാര്യങ്ങൾക്ക് ഞാൻ നിന്നെ അധികാരിയാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിൽ പങ്കുകൊള്ളുക എന്ന നാഥന്റെ ശബ്ദം കേൾക്കാൻ ഇടയാകട്ടെ. സേവനത്തിന്റെ സന്ദേശവുമായി ആത്മീയ നവോത്ഥാനത്തിനുവേണ്ടി ഉണർന്നു പ്രവർത്തിക്കാൻ ഇടയാകട്ടെ.

## ആനീദേ ഞായർ
## വി. ലൂക്കോ. 12:32-48 (12-02-2023)

വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുള്ള ഞായറാഴ്ച വി. സഭ സകല പരേതരേയും അനുസ്മരിച്ച് പ്രാർത്ഥിക്കുന്ന ദിനം. പരേതരും ജീവനോടിരിക്കുന്നവരും പ്രാർത്ഥനയിൽ പരസ്പരം ഒരുമിക്കുമെന്ന് നാം വിശ്വസിക്കുന്നു. സ്നേഹത്തിൽ വളർന്ന്, വിശ്വാസത്തിൽ ഉറച്ച് നിത്യജീവൻ അവകാശമാക്കണം. ക്ഷണികമായ ഈ ജീവിതത്തെപ്പറ്റിയും മരണാനന്തര അവസ്ഥയെപ്പറ്റിയുമുള്ള ചിന്തകൾ വലിയ നോമ്പിലേക്ക് പ്രവേശിക്കുമ്പോൾ ആത്മീയ ജീവിതത്തെ വിലയിരുത്തുവാൻ സംഗതിയാവണം. മരണത്തെപ്പറ്റിയും മരണാനന്തര ജീവിതത്തെപ്പറ്റി/അവസ്ഥയെപ്പറ്റിയും നാം ബോധമുള്ളവരാവണം. 2 മക്കാബിയർ 12:38-45 വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നുണ്ട്. വി. പൗലോസ്: വാങ്ങിപ്പോയ തന്റെ ശിഷ്യൻ ഒനേസിഫോരോസിനുവേണ്ടി പ്രാർത്ഥിക്കുന്നു (2 തിമൊത്തി. 4:19). മരിച്ചവർ ശാരീരികമായി നമ്മോടൊപ്പം ഇല്ലെങ്കിലും അവർ ആത്മീയമായി ജീവിക്കുന്നുവെന്ന് നാം വിശ്വസിക്കുന്നു. എല്ലാ പ്രാർത്ഥനകളിലും പരി. സഭ പരേതരെ ഓർക്കുന്നുണ്ട്.

"ചെറിയ ആട്ടിൻ കൂട്ടമേ ഭയപ്പെടണ്ടാ" എന്ന വാചകത്തോടെയാണ് ഇന്നത്തെ സുവിശേഷ ഭാഗം ആരംഭിക്കുന്നത്. ആൾ ബലത്തിൽ ചെറിയതാണെങ്കിലും കൃപകളുടെ സമൃദ്ധിയിൽ വിശ്വാസ സമൂഹം ശക്തരാണ്. അതുകൊണ്ട് പിതാവ് രാജ്യം ഏല്പിക്കും. ദൈവരാജ്യത്തിന്റെ സമൃദ്ധി ആസ്വദിക്കുവാൻ തക്കവണ്ണം ലൗകിക സമൃദ്ധിക്കുവേണ്ടിയുള്ള പരക്കം പാച്ചിലിൽനിന്നും വിട്ടു നിൽക്കാനുള്ള സന്ദേശമാണ് ലഭിക്കുന്നത്.

യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്ന ദാസൻ ഭാഗ്യവാൻ. യഹൂദ പശ്ചാത്തലത്തിൽ രാത്രി മൂന്നുയാമം എന്ന് തിരിച്ചിട്ടുണ്ട്. രണ്ടാമത്തേയും, മൂന്നാമത്തേയും യാമം ഇരുട്ടിന്റെ തീവ്രത കാണിക്കുന്നു. അന്ധകാരം തിന്മയുടെയും സാത്താന്റെ പ്രവർത്തനത്തേയും സൂചിപ്പിക്കുന്നു. ഇരുട്ടിന്റെ പ്രവർത്തനത്തിലേക്ക് തിരിയുകയും യജമാനൻ വരാൻ താമസിക്കുകയും ചെയ്യും എന്ന് ചിന്തിക്കുകയും ചെയ്താൽ നിനക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്ന് അവിശ്വസ്തരായ ദാസരെ ശിക്ഷ ഏല്പിക്കും എന്ന് കർത്താവ് പഠിപ്പിക്കുന്നു. അതിനാൽ ഒരുക്കമുള്ളവരായി മാറാൻ ഈ വേദഭാഗം ഓർമ്മപ്പെടുത്തുന്നു. പൗലോസ്ശ്ലീഹ ഓർമ്മപ്പെടുത്തുന്നതുപോലെ ജീവിതം ക്രിസ്തുവും മരണം നേട്ടവുമാക്കി തീർക്കാൻ (ഫിലി. 1:21) കഴിയണം. സമയമാകുന്ന രഥത്തിലെ ചക്രങ്ങൾ നാഴികകളും വിനാഴികകളുമായി പായുമ്പോൾ നാം സ്വർഗ്ഗത്തിലേക്ക് യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ് എന്ന ചിന്ത നമ്മെ ഭരിക്കണം. ഓരോ ദിവസവും കഴിയുമ്പോൾ മരണത്തിലേക്കുള്ള സമയം അടുത്തുവന്നു എന്നു മനസ്സിലാക്കി അതിനുവേണ്ടി ഒരുങ്ങുവാൻ നമുക്ക് കഴിയട്ടെ. നിത്യജീവൻ കരഗതമാക്കുവാൻ പര്യാപ്തമായ യാത്രാ ഭക്ഷണം ദൈവപുത്രന്റെ തിരുശരീര രക്തങ്ങൾ അനുഭവിച്ച് ഈ യാത്രയിൽ ഭാഗഭാക്കുകളാവാൻ സാധിക്കട്ടെ.

കവിത

# പരിശുദ്ധാത്മാവിനെ എന്തിന്

ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം

ഈശന്റെ യോഗ്യത കൊണ്ടു മാത്രം
പരിശുദ്ധാത്മാവിനെ കിട്ടീടുന്നു
പരിശുദ്ധാത്മാവിനെ പ്രാപിച്ചീടാൻ
മനുഷ്യശക്തിയും സാദ്ധ്യമല്ല
അഹങ്കാരഭാവം ധരിച്ചവരിൽ
പരിശുദ്ധറൂഹാ വസിക്കില്ലല്ലോ
എളിമയിൻ ഭാവം ധരിച്ചവരിൽ
പരിശുദ്ധറൂഹാ വസിച്ചീടുന്നു
വാശിയും വൈരാഗ്യവും ഉള്ള മനസ്സിൽ
പരിശുദ്ധ റൂഹാ നിറയത്തില്ല
കാപട്യത്തിൻ ഉടമയെ നീ
സുവിശേഷ വേല ചെയ്യരുത്
ഈശ്വന്റെ നാമം ധരിച്ചുകൊണ്ട്
വചനത്തെ കോട്ടി മറിക്കുന്നവർ
മറുഭാഷ കൈയിലെടുത്തുകൊണ്ട്
സാധുജനങ്ങളെ പറ്റിക്കുന്നു.
സോദരേ നിങ്ങൾ അറിഞ്ഞിടുവീൻ
മറുഭാഷക്കാരെ ശ്രദ്ധിക്കുവീൻ
മറുഭാഷയും മാതൃഭാഷയും രണ്ടാണെങ്കിൽ
ആയവൻ സുവിശേഷം തട്ടിപ്പത്രേ.
അന്ത്യനാളിൽ കണക്കുകൊടുക്കാൻ
കർത്തന്റെ പാദത്തിലെത്തിടുമ്പോൾ
ഓരോരോ വ്യക്തിയുടെയും പാപങ്ങളൊക്കെ
കല്ലും കട്ടിളയും ഏറ്റു പറയും
ഉയരത്തിൽ നിന്നും ശക്തി ലഭിച്ചാൽ
പരിശുദ്ധ ആവി ലഭിച്ചിടുമേ
ഉയരത്തിൽ നിന്നും ശക്തി ലഭിക്കാൻ
കർത്തന്റെ കല്പന പാലിച്ചീടു
നാഥാ! നിന്നുടെ സന്നിധിയിൽ
പാടിസ്തുതിക്കുന്ന മക്കൾക്കെല്ലാം
വരദാനങ്ങൾ കൂടാതെ
ഫലദാനങ്ങൾ നൽകിടുക
ഈശന്റെ രക്തത്തിൽ മുക്കി കുളിപ്പിച്ച്
എന്നുടെ പാപങ്ങൾ കഴുകി തുടച്ച്
നിർമ്മല കാന്തയായി തീർന്നീടുവാൻ
പരിശുദ്ധ റൂഹാ കനിയണമേ
തിന്മകൾ നീക്കി നന്മകൾ ചെയ്യാൻ
എന്നിലെ 'ഞാനെ' ഇല്ലാതാക്കി
പരിശുദ്ധ റൂഹാ നിറഞ്ഞീടുവാൻ
എൻമനം ഏറ്റം കൊതിച്ചീടുന്നു!
മദ്യവും ബീഡിയും സേവിക്കുന്നോരേ
സാത്താൻ നിന്നിൽ വസിച്ചീടുന്നു
ഈശന്റെ ചാരേ ഓടിവരൂ
കർത്തൻ നിന്നെ വാരിപ്പുണരും
നിന്നുടെ സന്നിധിയിൽ നിൽക്കുവാൻപോലും
യോഗ്യതയില്ലാത്ത പാപിയാം എന്നെ
കാൽവറി നാഥാ കൈവിടല്ലേ
ക്രൂശിന്റെ തണലിൽ നിർത്തണമേ
പരിശുദ്ധ റൂഹാ നിറഞ്ഞിടുമ്പോൾ
പാപത്തിൽനിന്നും മുക്തി നേടി
നീതിയിൽ പാതയിൽ കൂടെ നടത്തി
ന്യായവിധിയിൽ ജയിച്ചീടുമേ
കാഹള നാദത്തിൽ ചാടിയെഴുന്നേറ്റ്
രാജാധിരാജനെ വേളി കഴിയ്ക്കാൻ
ഈ ലോക ജീവിതം ധന്യമാക്കാൻ
പരിശുദ്ധറൂഹാ അനുഗ്രഹിക്കൂ!


# ക്നാനായദീപം പുതുക്കിയ പരസ്യനിരക്ക്

**ക്നാനായദീപം വരിസംഖ്യ**

| | |
|---|---|
| ഒരുവർഷം | - 200 |
| പത്തുവർഷം | - 2000 |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | - 4000 |

**പരസ്യനിരക്ക്**

| | |
|---|---|
| ഉപകാരസ്മരണ | - 450 |
| പേര് മാത്രം | - 350 |
| മാട്രിമോണിയൽ | - 750 |

**ബ്ലായ്ക്ക്& വൈറ്റ്**

| | |
|---|---|
| എട്ടിലൊന്ന് ബ്ലായ്ക്ക് & വൈറ്റ് | - 1000 |
| കാൽപേജ് | - 2000 |
| അരപേജ് | - 4000 |
| ഫുൾപേജ് | - 6000 |

**കളർ പരസ്യനിരക്ക്**

| | |
|---|---|
| കാൽപേജ് | - 5000 |
| അരപേജ് | - 7500 |
| ഫുൾ പേജ് | - 12000 |
| കവർ ഇൻസൈഡ് | - 15000 |
| ബായ്ക്ക് കവർ | - 17500 |




## മുറിവ് ശത്രുവിനേ പറ്റാവൂ

നായാട്ടുനായ്ക്കൾ എത്രയും വേഗത്തിൽ കുറുക്കനെ പിന്തുടർന്നു. അതിനെക്കാൾ വേഗത്തിൽ കുറുക്കനും ഓടി. 'നായ്ക്കൾ ഒന്നിലധികമുണ്ടല്ലോ. അതിനാൽ ആക്രമണം മറ്റുവശങ്ങളിൽ നിന്നും വന്നേക്കാം' കുറുക്കന്റെ ബുദ്ധി ബഹുദൂരം മുൻകൂട്ടി കണ്ടു. ഉടനെ നേർവഴി വിട്ട് അത് വലിയ ഒരു മുൾപ്പടർപ്പിനുള്ളിലേക്കു നുഴഞ്ഞു കയറുകയും ചെയ്തു.

'ആ നായ്ക്കൾ മുള്ളു നിറഞ്ഞ ഈ വഴിയിലൂടെ വരില്ലെന്നു തീർച്ച' കുറുക്കൻ ആത്മഗതം ചെയ്തു. അപ്പോഴാണ് കൂർത്ത ഒരു മുള്ള് കാലിൽ നുഴഞ്ഞുകയറിയത്.

'നാശം തന്നെ!' വേദനകലർന്ന ദേഷ്യത്തോടെ കുറുക്കൻ പറഞ്ഞു: 'എടോ, മുൾപ്പടർപ്പേ! നീ എന്തൊരു പോക്രിത്തരമാണ് കാട്ടിയത്? ഞാൻ ഇവിടെ വന്നത് നിന്റെ സഹായം തേടിയല്ലേ?

'അങ്ങനെ പറയാതെ കുറുക്കച്ചാരേ!' മുൾപ്പടർപ്പു പറഞ്ഞു 'വാസ്തവത്തിൽ ദേഷ്യം വരേണ്ടത് എനിക്കാണ്. പേടിച്ചോടിയ നീ, പിൻകാലുകൾക്കിടയിൽ വാലും തിരുകി ഇങ്ങോട്ടു വലിഞ്ഞു കയറുകയായിരുന്നുവല്ലോ. ഞാൻ നിന്നോട് ഇതുവഴി വരാൻ ആവശ്യപ്പെടുകയോ നിന്നെ ക്ഷണിക്കുകയോ ചെയ്തിട്ടില്ലെന്നു തീർച്ച.

'നീ പറയുന്നു എന്റെ സഹായം തേടിയാണ് നീ വന്നതെന്ന് ആ പറച്ചിലും ഒരു തട്ടിപ്പുതന്നെയല്ലേ? എനിക്കു മുള്ളുണ്ടെന്ന കാര്യം നിനക്ക് നന്നായി അറിയാം. എന്നിട്ടും നീ കടന്നുവന്നു. പിൻതുടർന്നു വരുന്ന നായ്ക്കളുടെ ദേഹത്തിൽ ഈ മുള്ളുകൾ മുറിവുണ്ടാക്കണം എന്നെ ദുഷ്ടവിചാരമാണ് അതിനു നിന്നെ പ്രേരിപ്പിച്ചത്.

'പക്ഷേ, നിനക്കുതന്നെ മുറിവിന്റെ സ്വാദ് അറിയേണ്ടി വന്നു. അതിൽ എന്നെ പഴിച്ചിട്ടു കാര്യമില്ല. നിനക്ക് യാതൊന്നും പറ്റരുത്. മറ്റുള്ളവർക്ക് എന്താപത്തും വന്നുകൊള്ളട്ടെ എന്ന സ്വാർത്ഥവിചാരം നീ ഉപേക്ഷിക്കണം. ഈ സംഭവം ഭാവിയിൽ നിന്നെ അതിനു പ്രേരിപ്പിക്കുമെങ്കിൽ എനിക്കു തൃപ്തിയായി'.

മുൾപ്പടർപ്പിന്റെ നീണ്ട പ്രഭാഷണം കേട്ടും കാട്ടുനായ്ക്കൾ വരുന്നുണ്ടോ എന്നു ശ്രദ്ധിച്ചും കുറുക്കൻ തന്റെ കാലിലെ മുറിപ്പാടിൽ പൊടിയുന്ന രക്തം നക്കിത്തുടച്ചുകൊണ്ട് അവിടെ ഇരുന്നു.

**സ്വാർത്ഥികൾ കത്തിയുടെ പിടി എപ്പോഴും തന്റെ കൈയിലാണെന്നു കരുതുന്നു. മുന കൊള്ളുമ്പോൾ കുറ്റപ്പെടുത്തുകയും ചെയ്യുന്നു.** ●

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. അബ്രഹാം മുതൽ ദാവീദ് വരെ തലമുറകൾ എത്ര?
2. യേശു വളർന്ന ഗ്രാമം ഏത്?
3. ശീമോനു പത്രോസ് എന്നു പേരിട്ടതാര്?
4. 'നീതിയും വിശുദ്ധിയും ഉള്ള പുരുഷൻ' എന്നു ഹെരോദാവു അറിഞ്ഞു ഭയപ്പെട്ടതാര്?
5. സെഖര്യാ പുരോഹിതന്റെ ഭാര്യയുടെ പേരെന്ത്?
6. പത്രോസിന്റെയും അന്ത്രയോസിന്റെയും പട്ടണം ഏത്?
7. ബർന്നബാസിന്റെ മറുപേർ എന്ത്?
8. 'ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ?" എന്നു ചോദിച്ചതാര്?
9. ലോകത്തിന്റെ ദുഃഖം ഉളവാക്കുന്നതെന്ത്?
10. "എപ്പോഴും സന്തോഷിപ്പിൻ" എന്നു രേഖപ്പെടുത്തിയിരിക്കുന്നത് ബൈബിളിൽ ഏതു പുസ്തകത്തിലാണ്?

## ഡിസംബർ മാസത്തിലെ ഉത്തരങ്ങൾ

1. ലൂക്കോസ്
2. യോനാ
3. ഹാമാൻ
4. പത്മോസ്
5. ഹാബേലിന്റെ
6. ദെബോര
7. യോസേഫ്
8. വി. പത്രോസ്
9. കൊർന്നേല്യൊസ്.
10. യെരിഹോ


## വസ്തു വില്പനയ്ക്ക്

ചിങ്ങവനം അഫ്രേം സെമിനാരിക്ക് പിൻവശം റെയിൽവേ ഗെയിറ്റിന് സമീപം 10 സെന്റ് സ്ഥലം വിൽപനയ്ക്ക്

**Mob. 7356920803**


ശുഭ ചിന്തകൾ

**വേദനയുടെ ആഴം അറിയുന്നവർക്ക് ആശ്വസിപ്പിക്കാനുള്ള മനസ്സുമുണ്ടാവും. സഹജീവികൾക്ക് നമുക്കൊരാശ്വാസമാവാം.**

## 50th Wedding Anniversary

14-01-2023



**Thankamma Mathew & V. M. Mathai**

**Vadakekalayil (H)**

**Vakathanam**

Best wishes from,
Vinod & Sino
Prasad
Feba & Fenuval

Advt -O

## 55-ാം വിവാഹവാർഷികം

08-01-2023



**കെ.സി. കുര്യാക്കോസ് (ബേബി)**

**&**

**അമ്മിണി കുര്യാക്കോസ്**

(കിഴക്കേ ആക്കൽ, കുറ്റൂർ)

ജോ നിവാസ്, മഞ്ഞുമ്മൽ, എറണാകുളം

ആശംസകൾ

*മക്കൾ-മരുമക്കൾ-കൊച്ചുമക്കൾ*

Advt -O

## ക്നാനായ കോൺഗ്രസ്സിന്റെ ശാന്തരാത്രി 22



ക്നാനായ കോൺഗ്രസ്സിന്റെ ശാന്തരാത്രി 22 സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു, ഫാ. ജേക്കബ് കല്ലുകുളം ഫാ. സേവേറിയോസ് തോമസ്, അനീഷ് തകിടിയിൽ, സജി താന്നിക്കൽ, ഫാ. സഞ്ചു പട്ടാഴി, സുമിത്ത് മാക്കോന്തറ, ജുബി കൊല്ലം പറമ്പിൽ, ജാർളി എന്നിവർ സമീപം




Advt - O



## 40th Day of Demise

24-01-2022

A light from our lives has gone, A voice we love is still, A place is vacant within our hearts, Which never can be filled, We hold you close within our hearts, And there you will remain. Rest in peace amma, And thanks for all you have done.

In Loving Memory of

**P. K. Kunjamma (81)**

14-05-1941 - 16-12-2022

(Kunjamma Teacher)

(W/o Late K.I. Joseph Kuttikattil)

Kuttikattil, Mazhukeer

Sorrowing Family

Advt - S

## 8 – ാം ചരമ വാർഷികം

30-01-2023



**M. M. മർക്കോസ്**

മാമലത്താഴത്ത്, രാമമംഗലം

കരുണ നിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 3 – ാം ചരമവാർഷികം

08-02-2023



**എം. എ. ഏബ്രഹാം (ബാബു)**

മണിമലേത്ത്, വെച്ചൂച്ചിറ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

സ്നേഹസ്മരണയ്ക്ക്

## 3 – ാം ചരമവാർഷികം

24 – 1 – 2023



## യു.കെ. മാത്യു

കുന്നുംപുറത്ത്, വാകത്താനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത്  വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 27 – ാം ചരമവാർഷികം

23 – 01 – 2023



## സാബു ഏബ്രഹാം

വാളംപറമ്പിൽ, മഴുക്കീർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 10 – ാം ചരമവാർഷികം

26 – 01 – 2023



## അമ്മിണി ജോസഫ്

## 16 – ാം ചരമവാർഷികം

20 – 06 – 2023



## കെ. സി. ജോസഫ് (പാപ്പച്ചൻ)

Advt - S

കോയിക്കൽ പുതുവേലിൽ, അങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

23 – 01 – 2023



Advt -S

# C. T. Joseph

**(Rtd. Dy. Collector)**

**Chirayil peedika Jose Villa**
**Puthenangadi, Kottayam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

04 – 01 – 2023



Advt -O

# ശോശാമ്മ തോമസ്

**ചതുരത്തുണ്ടിയിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

| 50 – ാം ചരമവാർഷികം | 45 – ാം ചരമവാർഷികം |
|---|---|
| 31 – 01 – 2023 | 22 – 12 – 2022 |



# C. I. കുറിയാക്കോസ്  മറിയാമ്മ കുറിയാക്കോസ്

വൈദ്യകലാനിധി

**ചിറ്റേട്ട്, റാന്നി**

Advt - O

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

"നല്ല പോർ പൊരുതി ഓട്ടം തികച്ചു വിശ്വാസം കാത്തു
നീതിയുടെ കിരീടം പ്രാപിച്ച് ദൈവസന്നിധിയിൽ ആയിട്ട്
ഒരു വർഷം തികഞ്ഞു."

08 – 01 – 2023



Advt -S

# ARON SABU JOSEPH (18)

**Edayadiyil (H), Aythala P. O.**
**Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*അപ്പ, അമ്മ, ബെനോ*

In loving memory of our dearest Acha

5th Birthday in Heaven

09 – 01 – 2023



Advt -S

## Prasad K. Stephen

Kudackanal, Ranny

---

10ാം ചരമവാർഷികം

10-01-2023



Advt - O

## അച്ചാമ്മ തോമസ് (കുഞ്ഞുമോൾ)

കണ്ണങ്കര പുത്തൻപുരയിൽ

നെല്ലിക്കമൺ, റാന്നി

---

40th Day of Demise

06 – 01 – 2023



Advt -O

## K. O. Yacob

Kizhakkancheri, Peedikayil House

Ramamangalam

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

---

40 – ാം ചരമദിനം

02 – 01 – 2023



Advt -O

## T. S. IDICULLA (BABYCHEN)

പള്ളത്ര (തത്തുകാട്ടിൽ)

തിരുവൻവണ്ടൂർ

(Rtd. Chief Petti Officer, Indian Navy & General Foreman, Cochin Port Trust)

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1st Birthday in Heaven

**25 - 01 - 2023**



Advt -O

## Alekutty Abraham

**Kadappangattu House,**
**Eraviperoor.**

Love you always Amma
K. P. Abraham (Husband)
K.A. Punnoose & Jessy Punnoose (Jijo, Jinu)
Fr. Andrews K. A. & Anu Andrews (Elkha, Edsa)
K. A. Abraham & Sheena Thomas (Eldho, Elvin)



## 40 – ാം ചരമദിനം

**12 – 01 – 2023**



Advt - O

## കെ. റ്റി. ചാക്കോ

## (കൊച്ചുചാക്കോച്ചൻ)

**കോഴിമറ്റം, ചിങ്ങവനം**

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ. 11.25)

*സന്തപ്ത കുടുംബാംഗങ്ങൾ*



## 3 – ാം ചരമവാർഷികം

**30 – 01 – 2023**



## P.T. Zachariah

(Kunjumon)
(Rtd.Panchayat superintendent)
Panavelil, Ranny

Advt - O

*പ്രാർത്ഥനയോടെ...* Fr. Jithin Zacharia and Family



## 3rd Death Anniversary

**22 – 01 – 2023**



Advt -O

## Rajan M George

**Moozhical Valel,**
**Kalathipady, Kottayam.**

*"Gone from our sight, but never from our hearts*

Sorrowing family members.



## 11 –ാം ചരമവാർഷികം
12 – 01 – 2023

# ജെയിംസ് കുറിയാക്കോസ്
**കോലത്ത്, നീലംപേരൂർ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 2 –ാം ചരമവാർഷികം
29 – 1 – 2023



# M. C. ചാക്കോ (കുഞ്ഞുമോൻ)
**മുണ്ടുകോട്ടയ്ക്കൽ, നിലമ്പൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## രണ്ടാം ചരമവാർഷികം
17 – 01 – 2023



# ജസ്സി സക്കറിയ
**മുക്കാട്ട്, കുറിച്ചി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ **സണ്ണി, മിഥുൻ, മരിയ, സനൽ, അലീന**

Advt -R

## 1st Death Anniversary

21-01-2023



## Mrs. Santhamma Joseph

**W/O V. C. Joseph**

**Vettimoottil Ranni**

**"Treasured in our hearts you will stay until we meet again someday"**

Advt -G

## 13th Death Anniversary

20-01-2023



## K. C. Mathew

**Arunodayam Kariyil, Kunnumpurath**

**Kottayam**

Daddy we love you and know that you are safe in the Lord's hands. You will always be on in our hearts.

**Inserted by**

Marykutty, Arun, Shiny, Tom, Shalini, Kevin, Samantha, Tamsin and Aidan

Advt - O



## 1st Death Anniversary

23-01-2023

## E. T. Mathew

**(Rtd. Supt. of Police)**

**Edavazhikkal , Ernakulam**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**Inserted by,**

**Wife - Betty Mathew**

**Son - Nikhil**

**Daughter inlaw - Teenu**

**Grand Daughter - Irene**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**കഴിഞ്ഞ ലക്കം തുടർച്ച**

**നിങ്ങളുടെ തെറ്റ് മുഖാന്തിരം ആർക്കെങ്കിലും നഷ്ടമോ ദുഃഖമോ ഉണ്ടായിട്ടുണ്ടോ?**

കാപ്പികുടി കഴിഞ്ഞ് എല്ലാവരും ഹാളിൽ പ്രവേശിച്ചു. ഇനിയൊരു ക്ലാസ്സ് കൂടി കഴിഞ്ഞാൽ ഈ സെഷൻ അവസാനിക്കുകയാണ്. പുതിയ വിഷയവുമായി മറ്റൊരു ദിവസം നമുക്കു കൂടാം. ഇന്നത്തെ ക്ലാസ്സിൽ തെറ്റുകാരായ കുട്ടികളോട് ചോദിക്കാവുന്ന നാലാമത്തെ ചോദ്യം:

*"നിങ്ങൾ ചെയ്ത തെറ്റ് മുഖാന്തിരം ആർക്കെങ്കിലും നഷ്ടമോ ദുഃഖമോ ഉണ്ടായിട്ടുണ്ടോ?"*

ഈ ചോദ്യത്തിലൂടെ കുട്ടികളുടെ തെറ്റിന്റെ അനന്തര ഫലം അവരെ ബോധ്യപ്പെടുത്താനും ഭാവിയിലുണ്ടാകാവുന്ന തെറ്റിൽ നിന്നും അവരെ പിൻതിരിപ്പിക്കാനും കഴിയും.

ഉദാഹരണത്തിന് മാവിൽ മാമ്പഴം വീഴ്ത്താനായി കല്ലെറിയുന്ന കുട്ടിയുടെ കൈയ്യിൽ നിന്നും ഉന്നം തെറ്റി കല്ല് മറ്റൊരു കുട്ടിയുടെ തലയിൽ കൊണ്ടാൽ അവൻ മനഃപൂർവ്വം ചെയ്യാത്ത തെറ്റാണ് എന്ന് മനസ്സിലാക്കി അവനോടു ക്ഷമിക്കുവാൻ മുതിർന്നവർ തയ്യാറാകണം. എന്നാൽ മനഃപൂർവ്വം കൂട്ടുകാരനോടുള്ള പകയിൽ അവൻ കല്ലെറിഞ്ഞാൽ അവനെ ശിക്ഷിക്കുന്നതിനു പകരം ആ ഏറിൽ കൂട്ടുകാരനുണ്ടായ മുറിവും ഉണ്ടാകുമായിരുന്ന ഗുരുതരമായ അപകടവും അവനെ ബോധ്യപ്പെടുത്തിയാൽ പിന്നീട് അവൻ ആരെയും കല്ലെറിഞ്ഞ് ഉപദ്രവിക്കുകയില്ല.

ഏകദേശം 20 വർഷം മുൻപ് എന്റെ ജീവിതത്തിൽ നടന്ന ഒരു സംഭവം പറയാം. അച്ചൻ സംസാരിച്ചു തുടങ്ങിയപ്പോൾ എല്ലാവരും ശ്രദ്ധയോടെയിരുന്നു.

ഞാൻ കൗൺസിലിംഗ് രംഗത്ത് അത്രയ്ക്ക് സജീവമായിരുന്നിട്ടില്ലാത്ത കാലത്ത് എനിക്കു പരിചയമുള്ള ഒരു ഹെഡ്മിസ്ട്രസ് എന്റെ അടുക്കലേയ്ക്ക് പത്താംക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയെ മാതാപിതാക്കളോടൊപ്പം അയച്ചു. നോബിൻ എന്നാണ് അവന്റെ പേര്. കൗൺസിലിംഗ് നൽകുവാനായിരുന്നു അയച്ചത്. സ്കൂളിലെ ഒരു ടീച്ചറിനെ കല്ല് വച്ച് എറിഞ്ഞ് തല പൊട്ടിച്ചതായിരുന്നു അവന്റെ പേരിലുള്ള കുറ്റം. ഞാൻ അതിശയിച്ച് പോയി. സാധാരണ കുട്ടികൾ സഹപാഠികളെ കല്ലെറിയാറുണ്ട്. ഒരിക്കലും ടീച്ചറിനെ എറിയില്ല. അതു തന്നെയായിരുന്നു ഹെഡ്മിസ്ട്രസിന്റെ ആശങ്കയും. അതുകൊണ്ടാണ് നോബിനെ എന്റെ അടുക്കൽ അയച്ചത്. staff meeting കൂടി അവനെ സ്കൂളിൽ നിന്നും പുറത്താക്കണമെന്ന തീരുമാനവും ഉണ്ടായി. എന്തിനാണ് കല്ലെറിഞ്ഞതെന്ന് അവൻ പറയുന്നുമില്ല.

ഹെഡ്മിസ്ട്രസ് പറഞ്ഞത് അവൻ മറ്റെന്തിനെയെങ്കിലും എറിഞ്ഞപ്പോൾ ഉന്നം തെറ്റി ടീച്ചറിന്റെ തലയിൽ പതിച്ചെന്നായിരുന്നു ആദ്യം വിചാരിച്ചത്. അങ്ങനെയല്ല അവൻ മനഃപൂർവ്വം എറിഞ്ഞത് തന്നെയെന്ന് അവൻ സമ്മതിക്കുന്നുണ്ട്. എന്തിനാണ് എറിഞ്ഞതെന്നുള്ള ചോദ്യത്തിന് അവൻ മറുപടി പറയുന്നുമില്ല. മാത്രമല്ല അത്രയ്ക്ക് കുസൃതിത്തരങ്ങളോ ഉഴപ്പോ കാണിക്കാത്ത ശാന്തനായ ഒരു സാധാരണ വിദ്യാർത്ഥി മാത്രമാണ് നോബിൻ. അവന്റെ മാതാപിതാക്കളും ഉത്തരം കിട്ടാതെ വിഷമിക്കുകയാണ്. സ്കൂളിൽ അവനൊരു വില്ലനായി അറിയപ്പെട്ടു തുടങ്ങി. ആ സ്കൂളിലെ അവന്റെ പഠനംപോലും സംശയത്തിലായി. ഇങ്ങനെയൊരു സാഹചര്യത്തിൽ അവനൊരു മാനസാന്തരം ഉണ്ടാകുവാനാണ് ഹെഡ്മിസ്ട്രസ് എന്റെ അടുക്കൽ അവനെ അയച്ചത്.

നോബിനൊപ്പം മാതാപിതാക്കളും എന്റെ ഓഫീസിൽ പ്രവേശിച്ചു. ഞാൻ ചോദിച്ചു.

"മോനെ, നീ ടീച്ചറിനെ കല്ലെറിഞ്ഞോ?"

"എറിഞ്ഞു"

"അറിയാതെ കൊണ്ടതാണോ?"

"അല്ല, ഞാൻ മനഃപൂർവ്വം എറിഞ്ഞതാണ്"

"എറിഞ്ഞതിൽ നീ പശ്ചാത്തപിക്കുന്നുണ്ടോ?

"ഇല്ല, പശ്ചാത്തപിക്കുന്നില്ല".

"എന്തിനാണ് എറിഞ്ഞത്"

ഉത്തരം മൗനം ആയിരുന്നു. ഞാൻ അവന്റെ മാതാപിതാക്കളെ പുറത്ത് നിർത്തി അവനോട് മാത്രമായി സംസാരിച്ചു.

"മോനെ കുസൃതിത്തരങ്ങൾ കുട്ടികളുടെ ഇടയിൽ സാധാരണമാണ്. പക്ഷെ ഇത് കേവലം കുസൃതിയുടെ ഫലമല്ല. നിന്റെ ഉള്ളിൽ എന്തോ നീറുന്നുണ്ട്. ഈ നീറ്റലിന്റെ ഫല

